# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



## നോമ്പുകാലം

Vol. LXXIV February 2024 No. 2



**ഷംഷാബാദ് രൂപതയുടെ**
**അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ**
**അഭിവന്ദ്യ മാർ ജോസഫ്**
**കൊല്ലംപറമ്പിൽ പിതാവിന്**
**പാലാ രൂപതയുടെ**
**പ്രാർത്ഥനാശംസകൾ!**



ഗോരഖ്പൂർ മുൻബിഷപ് അഭിവന്ദ്യ തോമസ് തുരുത്തിമറ്റം സി.എസ്.ടി പിതാവിന്റെ സുവർണജൂബിലിയാഘോഷങ്ങളുടെ ഭാഗമായി അരുവിക്കുഴി ഇടവകദൈവാലയത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സഹകാർമ്മികത്വം വഹിക്കുന്നു.



സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി
തിരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന്
പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ!



His Eminence Álvaro Leonel Ramazzini Imeri, Cardinal of Guatemala പാലാ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചപ്പോൾ. (ജനുവരി 19, 2024)



വിജയപുരം രൂപതയുടെ നിയുക്ത സഹായമെത്രാൻ Most Rt. Rev. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ പാലാ അരമനയിലെത്തി അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചപ്പോൾ



സ്വിറ്റ്സർലൻഡിൽനിന്ന് ബഹു. Pfr. Josef Franz Annen അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചപ്പോൾ.



ഇംഗ്ലണ്ടിലെ വെസ്റ്റ്മിൻസ്റ്റർ അതിരൂപതയുടെ സഹായമെത്രാൻ Rt. Rev.John Sherrington ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചപ്പോൾ

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**FEBRUARY 2024**
**Vol. LXXIV No. 2**

# CONTENTS

ഇടയലേഖനം ........................................ 103

മാർപാപ്പായുടെ സന്ദേശം ........................................ 110

കെ.സി.ബി.സി. സർക്കുലർ ........................................ 115

കെ.സി.ബി.സി. സർക്കുലർ ........................................ 121

കെ.സി.ബി.സി. സർക്കുലർ ........................................ 126

Transfer & Appointments ........................................ 131

അറിയിപ്പ് ........................................ 136

വാർത്തകൾ ........................................ 139

ആദരാഞ്ജലികൾ ........................................ 173

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................ 176

ഇടയലേഖനം-78

# വലിയ നോമ്പ്

## ആഘോഷങ്ങളോടും ആർഭാടങ്ങളോടും വിടപറയൽ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ**

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീസഹോദരന്മാരേ,

വലിയ നോമ്പ് (സൗമാ റമ്പാ) തിരിച്ചറിവിന്റെയും തിരിച്ചുവരവിന്റെയും സമയമാണ്. ജീവിതവിശുദ്ധിയിലേക്കു വളരാനുള്ള ആഹ്വാനമാണ് സഭ നോമ്പിലൂടെ നൽകുന്നത്. ദനഹാക്കാലം കഴിഞ്ഞ് ഉയിർപ്പുഞായർവരെയുള്ള ഏഴ് ആഴ്ചക്കാലമാണ് നോമ്പുകാലം. ഞായറാഴ്ചകൾ ഉൾപ്പെടെ അമ്പതു ദിവസങ്ങളിലും നോമ്പ് ആചരിക്കുന്ന ക്രമമാണ് നമ്മുടേത്. പേത്തുർത്താ ഞായറാഴ്ച പാതിരാവിൽ നോമ്പ് ആരംഭിക്കും. മത്സ്യമാംസാദികൾ വെടിഞ്ഞുകൊണ്ട് എല്ലാ ആഘോഷങ്ങളോടും വിടപറയാനുള്ള ശക്തമായ ആഹ്വാനമാണ് വലിയനോമ്പ് നൽകുന്നത്. ഫെബ്രുവരി പന്ത്രണ്ടാം തീയതി തിങ്കളാഴ്ച നോമ്പ് ആരംഭിക്കും. എല്ലാ ബാഹ്യ ആഘോഷങ്ങൾക്കും അന്ത്യം കുറിക്കുകയാണ്. യൂറോപ്യൻ രാജ്യങ്ങളിലെ പ്രധാന ഭക്ഷണം മാംസമാകയാൽ മാംസം

ഉപേക്ഷിക്കൽ എന്ന അർത്ഥം വരുന്ന കാർണിവൽ എന്നും നോമ്പ് ആരംഭത്തെ വിശേഷിപ്പിക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ ഓരോ വചനവും നോമ്പുകാലത്തു വെളിച്ചം പകരുന്ന ചെരാതുകളാവണം. ദൈവമുമ്പാകെയുള്ള സമ്പൂർണ്ണമായ കീഴ്പ്പെടലാണ് നോമ്പുകാലത്തു വേണ്ടത്. നോമ്പുകാലത്തെ നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ് (പെൽഗുസെ സൗമാ റമ്പാ – Pelgoose Sauma Ramba). പ്രാർത്ഥിച്ചും ഉപവസിച്ചും വചനം പഠിച്ചും ജീവിതത്തെ കുറച്ചുകൂടി തെളിച്ചമുള്ളതാക്കിത്തീർക്കാൻ എല്ലാവരും പരിശ്രമിക്കണം. 'ഒരുവന് തന്റെ അധരങ്ങളുടെയും ഉദരത്തിന്റെയുംമേൽ നിയന്ത്രണം ഇല്ലെങ്കിൽ എങ്ങനെ അവനു തിരുവചനം പഠിക്കാൻ കഴിയും' എന്ന പണ്ഡിതനായ ഒരിജന്റെ ചോദ്യം എക്കാലവും പ്രസക്തിയുള്ളതാണ്.

സീനായി മലമുകളിൽവച്ച് ദൈവകല്പനകൾ സ്വീകരിക്കുന്നതിനുമുമ്പ് നാല്പതു ദിനരാത്രങ്ങൾ മൂശേ ഭക്ഷ്യപദാർത്ഥങ്ങൾ കൂടാതെ ജീവിച്ചു (പുറ 4.28). പരസ്യജീവിതമാകുന്ന വിരുന്നിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് ഈശോ നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു. നോമ്പിന്റെ ആത്മീയനടവഴികളിലൂടെ ദിശ തെറ്റിക്കാൻ തക്കം പാർത്തിരിക്കുന്ന കാഴ്ചകളും കേൾവികളും സാന്നിധ്യങ്ങളുമൊക്കെ ഉണ്ടായേക്കാം. ഉപവസിക്കുമ്പോൾ വചനമാകുന്ന വിരുന്നു ഭക്ഷിക്കണം. നോമ്പ് കരുണയുടെ ആഘോഷമാക്കി മാറ്റണം. 'ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ' (മത്താ. 18:33). ക്ഷമിക്കാനും പൊറുക്കാനും മനസ്സില്ലാത്തവരുടെ എണ്ണം കൂടിവരുന്ന കാലമാണിത്. ഈശോ പത്രോസിനോടു പറഞ്ഞല്ലോ, ഏഴെന്നല്ല, ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണം എന്ന് (മത്താ. 18:22).

നോമ്പുകാലത്ത് അടിസ്ഥാനപരമായി നാം മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം: 1. ദൈവവുമായുള്ള ബന്ധം പുതുക്കണം. 2. സഹോദരങ്ങളുമായുള്ള ബന്ധം പുതുക്കണം. 3. പ്രപഞ്ചവും

സർവ്വസൃഷ്ടിജാലങ്ങളുമായുള്ള ബന്ധം പുതുക്കണം. നോമ്പും ഉപവാസവും ദൈവത്തിന്റെ ആയുധം ധരിക്കലാണ് (എഫേ 10:12) കർമ്മം ചെയ്യുന്നവരുടെ കരുത്താണ് നോമ്പും ഉപവാസവും പ്രാർത്ഥനയും. ദൈവത്തിന്റെകൂടെ ആയിരിക്കുന്നതിന്റെയും ദൈവത്തെ കൂട്ടത്തിൽ കൊണ്ടുനടക്കുന്നതിന്റെയും കരുത്താണത്.

നോമ്പിനെക്കുറിച്ചു പൗരസ്ത്യസഭയുടെ പിതാക്കന്മാർ പഠിപ്പിച്ച ഏതാനും ചിന്തകൾ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. മാർ അപ്രേം പുണ്യവാന്റെ വാക്കുകൾ നമുക്കു പടച്ചട്ട ആയിരിക്കേണ്ടതാണ്: "അനുതാപത്തിലേക്ക് എന്റെ ചിന്തകളെ നയിച്ചാലും, അവിടുത്തെ കല്പനകൾ അനുസരിക്കുന്നതിൽ എന്നെ നിപുണനാക്കണമേ. ആത്മാക്കളെ ദുഷിപ്പിക്കുന്ന സാത്താനു തീറ്റയായി എന്നെ വിട്ടുകൊടുക്കരുതേ. എന്റെ ജീർണിച്ച ജീവിതത്തെ തിരുത്തിത്തരണമേ."

ഉത്തമമായ നോമ്പ് ഉത്തമമായ ഔഷധമാണ്. ആത്മാവിൽ രൂപപ്പെട്ടിട്ടുള്ള അസ്വസ്ഥതകളെ ദൂരീകരിക്കണം. കൈപ്പുള്ള മരുന്ന് ശരീരത്തിൽനിന്നു വിഷാംശത്തെ പുറത്തെടുത്തു കളയുന്നതുപോലെ നോമ്പും ഉപവാസവും ആത്മാവിൽനിന്നു ദുഷ്ചിന്തകളെ പറിച്ചെടുത്തു ദൂരെയെറിയും. ഉത്ഥാനത്തിന്റെ മഹത്ത്വം കാണാൻ നമ്മെ ഒരുക്കുന്ന നോവാണ് നോമ്പ്. ഓരോ വിശ്വാസിയും ഉയിർപ്പിന്റെ അടയാളമായി മാറണം. ശരീരത്തിന്റെ വെടിപ്പും ആത്മാവിന്റെ നിർമ്മലതയും നമുക്കു കാത്തുസൂക്ഷിക്കാം. ആദത്തിന്റെ സ്വാതന്ത്ര്യവും വിശ്വസ്തതയും പരീക്ഷിക്കുന്നതിന് ദൈവം ഏർപ്പെടുത്തിയ പരീക്ഷയിൽ – നീ ഭക്ഷിക്കരുത് – എന്ന കല്പനയിൽ ആദിമസഭ ഉപവാസത്തിനുള്ള അടിത്തറയാണു കാണുന്നത്.

മാബുകിലെ പീലക്സിനോസ് പറയുന്നു: നോമ്പിൽ ലോകത്തിൽനിന്നു ബാഹ്യമായിമാത്രം പിന്മാറിയാൽപ്പോരാ. ശരിയായ പിന്മാറ്റം ആന്തരികമാണ്. അതു ചിന്തകളിലും

മനസ്സിന്റെ വ്യാപാരങ്ങളിൽനിന്നുമാകണം. കാരണം, മനസ്സാണ് വിശ്വാസത്തിന്റെ പ്രവർത്തനമണ്ഡലം. ഉപവസിക്കുമ്പോൾ നിങ്ങളുടെ കണ്ണും ചെവികളും മനോവിചാരങ്ങളുംകൂടി ഉപവാസം ശീലിക്കട്ടെ എന്ന മാർ ക്രിസോസ്തോമിന്റെ വാക്കുകൾ ഏറെ ആത്മീയപ്രാധാന്യമുള്ളവയാണ്. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത് എന്ന ജോയേൽ പ്രവാചകന്റെ വാക്കുകൾ മൂർച്ചയുള്ളതാണ് ( ജോയേൽ 2:12). പൗരസ്ത്യപിതാക്കന്മാരുടെ പൊതുവായ പ്രബോധനമാണ് നമ്മുടെ ശരീരത്തെ യാഗമാക്കി മാറ്റണം എന്നത്. അതായത്, കണ്ണ് തിന്മയെ നോക്കാതിരിക്കുക, നാവ് തിന്മ പറയാതിരിക്കുക, ചെവികൾ മോശമായതു കേൾക്കാതിരിക്കുക, കൈ കൊണ്ട് അധർമ്മപ്രവൃത്തികൾ ചെയ്യാതിരിക്കുക. എല്ലാ അവയവങ്ങളും യാഗമായിത്തീരണം. ഉപവാസത്തിന്റെ മക്കൾ എന്നു മാർത്തോമ്മാനസ്രാണികൾ അറിയപ്പെട്ടിരുന്നതിന്റെ കാരണം നോമ്പിന്റേനേർക്കുള്ള നമ്മുടെ സമഗ്രവും കാർക്കശ്യവുമായ സമീപനങ്ങളാണ്. നമ്മെ സംബന്ധിച്ചിടത്തോളം നോമ്പും പ്രാർത്ഥനയും ഉപവാസവുംവഴി പരിശുദ്ധ ത്രിത്വത്തെ ഹൃദയത്തിൽ അനുഭവിച്ചറിയലാണ്, പരലോകത്തെ ഈ ലോകത്തിനു കാണിച്ചുകൊടുക്കലാണ്. ഉപവസിക്കുക എന്നാൽ അടുത്തുകഴിയുക, ഒപ്പം വസിക്കുക, കൂടെ ആയിരിക്കുക, ഒന്നിച്ചു വസിക്കുക എന്നെല്ലാമാണല്ലോ. നോമ്പുകാലം പറുദീസായിലൂടെ ദൈവത്തിന്റെ കരങ്ങൾ പിടിച്ചു നടക്കുന്ന കാലമായിരിക്കണം. ഒച്ചപ്പാടുകളുടെയും ധൂർത്തിന്റെയും ആർഭാടങ്ങളുടെയും ലോകത്തിൽനിന്നു മാറി നിശ്ശബ്ദതയിൽ ദൈവത്തോടുകൂടെ ആയിരിക്കാൻ തീവ്രമായി പരിശ്രമിക്കണം. ജീവിതമാകുന്ന കൽഭരണികൾ ശൂന്യമാകുമ്പോൾ അതിനെ ദൈവകൃപയാകുന്ന പുത്തൻ വീഞ്ഞുകൊണ്ട് നിറയ്ക്കേണ്ട സമയമാണ് നോമ്പുകാലം. വറ്റിവരണ്ട കൽഭരണികളായി ജീവിക്കുന്നവർ ഇന്ന് ഏറെപ്പേരുണ്ട്. വിശുദ്ധ

അത്തനാസിയൂസ് പറയുന്നു. ഉപവസിക്കുമ്പോൾ നാം അവന്റെ വിരുന്നിന്റെ പ്രത്യാശയിൽ പ്രവേശിക്കുകയാണ്.

നിനിവേയിലെ മാർ ഇസഹാക്ക് തിരുവചനങ്ങളിൽ അധിഷ്ഠിതമായ ആത്മീയചിന്തകളാണ് നോമ്പിനെപ്പറ്റി നൽകിയിരിക്കുന്നത്: ആഹാരം വെടിഞ്ഞുള്ള ഉപവാസം വിശ്വാസിയുടെ ശരീരഭാഷ എളിമയുടെയും വിനയത്തിന്റേതുമാക്കിത്തീർക്കുന്നു. നോമ്പ് അനുഷ്ഠിക്കുന്ന വിശ്വാസി ഓജസ്സും തേജസ്സും ഉള്ളതായി കാണപ്പെടുന്നു. നോമ്പിൽ ശരീരം ആഹാരം വർജിക്കുമ്പോൾ ആത്മാവിന് അതിന്റെ ഭക്ഷണമായ ധ്യാനം, തിരുവചനം, അനുതാപം, പ്രാർത്ഥന തുടങ്ങിയവയെല്ലാം ലഭിക്കുന്നു. അദ്ദേഹം വീണ്ടും പറയുന്നു: ലോകം എന്നതുകൊണ്ട് പലവിചാരങ്ങളാൽ രൂപീകൃതമായ വികാരങ്ങളെയാണ് ഞാൻ അർത്ഥമാക്കുന്നത്. ഇവർ ജനിക്കുകയും പക്വതയിൽ എത്തുകയും ചെയ്യുമ്പോൾ അവ തിന്മകളായി മാറുകയും ആ വ്യക്തിയെ കൊല്ലുകയും ചെയ്യുന്നു. ഒരു കുട്ടി ഒരമ്മയില്ലാതെ ജനിക്കുന്നില്ലാത്തതുപോലെ, മനസ്സിന്റെ അന്യവിചാരങ്ങളില്ലാതെ വികാരങ്ങളും ജനിക്കുന്നില്ല. വികാരങ്ങളോടു സംസർഗമില്ലാതെ പാപവും ചെയ്യപ്പെടുന്നില്ല!

നോമ്പും ഉപവാസവും പ്രാർത്ഥനയും ദാനധർമ്മങ്ങളും ക്രിസ്തീയജീവിതത്തിന്റെ നാല് നെടുംതൂണുകളാണ്. എന്നാൽ, അവയെല്ലാം ചേർന്ന് ഒറ്റ യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ യഥാർത്ഥ വാസസ്ഥലങ്ങളാണ് ഇവയെല്ലാം. പ്രാർത്ഥനയുടെ ആത്മാവാണ് ഉപവാസം, ഉപവാസത്തിന്റെ ജീവൻ പാവപ്പെട്ടവർക്കുള്ള സഹായമാണ്. ദാനം ചെയ്യുന്നതെല്ലാം നമുക്കുമുമ്പേ നാം സ്വർഗ്ഗത്തിലേക്കു കൊടുത്തുവിടുന്ന കാര്യങ്ങളാണ്. ഭൂമിയിൽ ആയിരിക്കുമ്പോൾത്തന്നെ നാം സ്വർഗ്ഗം ഉറപ്പാക്കുന്ന ശുശ്രൂഷകളാണവ. നമ്മുടെ അല്മായരും വൈദികരും സമർപ്പിതരും ചേർന്ന് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആയിരം ഭവനങ്ങൾ സാധാരണക്കാർക്കു

പണിതു നൽകിയപ്പോൾ വാസ്തവത്തിൽ നമ്മൾ സ്വർഗ്ഗത്തിന് അവകാശികളായിത്തീരുകയായിരുന്നല്ലോ.

നോമ്പുകാലത്ത് ഈശോനാമപ്രാർത്ഥനകൾ ഉരുവിടാൻ നാം പരിശ്രമിക്കണം. തിരുവചനങ്ങൾ നിരന്തരമായി ഉരുവിട്ടുകൊണ്ടിരിക്കുന്ന ക്രമമാണിത്. പൗരസ്ത്യസഭകളുടെ ദയറാകളിലെല്ലാം ഇതു പ്രയോഗത്തിലുണ്ട്. മാർത്തോമ്മാ നസ്രാണികളായ നമുക്കു വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമ്മാശ്ലീഹായുടെ അധരങ്ങളിൽനിന്നു രൂപംകൊണ്ട വചനമാണ് ഏറ്റവും നല്ല ഈശോനാമപ്രാർത്ഥന. എന്റെ കർത്താവും എന്റെ ദൈവവുമായ ഈശോയേ (ഈശോ മാർ വാലാഹ് എസ്രാഹം അലൈയ്) എന്നോടു കരുണയുണ്ടാകണമേ. ഈശോ എന്ന നാമംമാത്രം ഉരുവിടുന്നതും ഈശോനാമപ്രാർത്ഥനയുടെ ഏറ്റവും കാതലായ ഒന്നാണ്. ഈശോയുടെ നാമം പരിശുദ്ധ മറിയം ആദ്യം ശ്രവിച്ചതുപോലെ ആവർത്തിക്കാനും മറിയവും ഗബ്രിയേലും യൗസേപ്പും ഉരുവിട്ടതുപോലെ തിരുനാമം സ്വീകരിക്കാനും നമുക്കു കഴിയണം. ഈശോയേ, ദൈവപുത്രാ, പാപിയായ എന്നിൽ കനിയണമേ എന്ന തിരുവചനവും ഈശോനാമ പ്രാർത്ഥനയായി ഉപയോഗിക്കാറുണ്ട്.

നോമ്പ് പോരാട്ടങ്ങളുടെ കാലമാണ്. ജഡരക്തങ്ങളോടു മാത്രമല്ല, ശരിക്കും സാത്താന്റെ ശക്തികളോടാണ് പോരാടേണ്ടത്. ആസക്തികൾ വെടിഞ്ഞ് കർത്താവിന്റെകൂടെ പാർക്കാനുള്ള സമയമാണ് നോമ്പുകാലം. നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കാനുള്ള ഏകമാർഗ്ഗമാണ് നോമ്പും ഉപവാസവും. സഭ ആശുപത്രി (hospital) ആണെങ്കിൽ നോമ്പാണ് യഥാർത്ഥ മരുന്ന്. ഉള്ളിലിരിപ്പുകളും കൈയിലിരിപ്പുകളും കളയാതെ നമുക്കു പുതിയ കാഴ്ചപ്പാടുകൾ സ്വീകരിക്കുക സാധ്യമല്ല. നോമ്പിന്റെ വഴി വിശുദ്ധരുടെ വഴിയാണ്.

നോമ്പ് സുകൃതങ്ങളുടെ പൂക്കാലമാണ്. പ്രാർത്ഥനയും ഉപവാസവുമാകുന്ന അഗ്നിച്ചൂളയിൽ നാം പ്രവേശിക്കണം.

നോമ്പു നോക്കുമ്പോൾ സഭ സ്വർഗ്ഗത്തിൽ ആകുന്നു. ആത്മ ശരീരമനസ്സുകളെ ബലപ്പെടുത്താനുള്ള കാലമാണ് നോമ്പു കാലം. നോമ്പിൽ ഭക്ഷണപാനീയങ്ങൾ പുനഃക്രമീകരിക്കപ്പെടു മ്പോൾ ബലപ്പെടുത്തലിന്റെ ആദ്യപടി ശരിയാവും. പ്രലോ ഭനങ്ങളിലേക്കു വഴുതിവീഴാതെ മനസ്സിനെ ശക്തമാക്കുമ്പോൾ പുണ്യാനുഭവത്തിലേക്കു പ്രവേശിക്കും. മരുഭൂമിപരീക്ഷയിൽ സാത്താൻ മിശിഹായെ പ്രലോഭിപ്പിക്കുന്നതും ശാരീരികാ വശ്യങ്ങൾ മുൻനിർത്തിയാണ്. ഏദനിലെ ആദ്യത്തെ കല്പന ലംഘനം ഭക്ഷണത്തെപ്പറ്റി ആയിരുന്നെങ്കിൽ ഈശോ മരുഭൂമിയിൽ അനുഷ്ഠിച്ച ഉപവാസത്തിൽ അതിനെ മറികടന്നു. സാത്താന്റെ നിർദ്ദേശത്തെ – ഈ കല്ലുകളെ അപ്പം ആക്കുക – ഈശോ അപ്പാടേ തള്ളികളഞ്ഞു. പ്രകൃതിയുടെ താളാത്മകത സംരക്ഷിക്കാനും നോമ്പ് ഏറെ ഉപകാരപ്പെടും. ഭൗതികതയുടെ കടന്നുകയറ്റം സമസ്തമേഖലകളിലും സംഭവിക്കുന്നു. ആഘോഷങ്ങളും ആർഭാടങ്ങളും ധൂർത്തും കൂടി വരുന്ന കാലത്ത് സാധാരണക്കാരെപ്പോലെ ജീവിക്കാൻ സാധിക്കുന്ന താണ് ഏറ്റവും വലിയ പുണ്യം. ആധുനികസാങ്കേതികവിദ്യ യുടെ ദുരുപയോഗം കുറെപ്പേരെയെങ്കിലും അധാർമികമായ വഴികളിലേക്കു മാറ്റിക്കളഞ്ഞിട്ടുണ്ട്. പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെ വാക്കുകൾ നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. ക്രിസ്തീയമായ സന്തോഷവും പ്രത്യാശയും കണ്ടെത്തി ദൈവ പിതാവിന്റെ മകനും മകളുമായി ജീവിക്കാനുള്ള സമയമാണ് നോമ്പുകാലം.

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 04.02.2024

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം 2024 ഫെബ്രുവരി പതിനൊന്നാം തീയതി ഞായ റാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാനയർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

No.: 3999/K-5/KCBC/OL/DS 20.012023

**32-ാമത് ലോകരോഗീദിനത്തിൽ**
**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം**
**(ഫെബ്രുവരി 11, 2024)**

## ‘മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല’ സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്

‘മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല’ (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽത്തന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടു കൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾവഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച്, ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്വത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇതു പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തതയനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവുംമൂലം ഏകാന്ത വാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ

വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളുംമൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹികരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണു യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽപ്പോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തതയനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരുമാണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇതു വ്യക്തികേന്ദ്രീകൃതസംസ്കാരത്തിന്റെ (culture of individualism) അനന്തരഫലമാണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തികേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവയ്പ്പുകൾ നടത്താൻ കഴിയാത്തവരുമായി ഭവിക്കുന്നു. അതൊരു വലിച്ചെറിയൽസംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച്, അവർ 'ഉപയോഗമില്ലാത്തവിധം' ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, 'ഇനി ആവശ്യമില്ലാത്തവിധം' വൃദ്ധരോ എന്നിവരെപ്പോലെ

ആയാൽ (*എല്ലാവരും സഹോദരർ*, [Fratelli Tutti]18). ദുഃഖ കരമെന്നു പറയട്ടെ, ഇത്തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയതീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലികാവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടു ത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായിമാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായ വരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി (therapeutic covenant) ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ ക്കൂടി കേൾക്കാം: "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!" സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തി ലുള്ള അർഥം നമുക്കു വെളിപ്പെടുത്തിതരുകയും, അതോ ടൊപ്പം, പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹ ങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടിക്കാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും. ദൈവത്തോടും തങ്ങളോടു തന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിത ത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അതു സ്നേഹത്തിന്റെ സന്തോഷം ഇല്ലാ താക്കുന്നു. മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവ

സരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്നവിധത്തിൽ നാം ഒറ്റയ്ക്കാണെന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ - സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇതു ചെയ്യാനാവുമോ? തീർച്ചയായും, ഇതു ചെയ്യാനാകും; ഇതു നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്കു നമുക്കു നോക്കാം (ലൂക്കാ 10, 25-37); ഇറങ്ങിച്ചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹംപകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്കു ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണു നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണു നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണു നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമീപ്യത്തിനും ആർദ്രതയ്ക്കുമായുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ചു ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു ഭാരമാ

ണെന്നു കരുതേണ്ടതുമില്ല. രോഗിയായ ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്. ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും ചിലപ്പോഴെങ്കിലും പാർശ്വവത്കരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്കു ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ചു ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പരസ്നേഹ ചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാരത്തെ പ്രതിരോധിക്കുന്നതിൽ നമുക്കു പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്കു നമ്മെത്തന്നെ ഭരമേല്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമീപ്യത്തിന്റെയും സഹോദരതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദൈവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 023

No.: 3997/K-5/KCBC/OL/DS 20.012023

## 2024 ഫെബ്രുവരി 11

# തിരുബാലസഖ്യദിനം

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡനന്തര അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമികവികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും

പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബ ത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുത ലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തി ക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണ ത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ എതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണ മെന്നു മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്കു വിനോദം നൽകുന്നത്? ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്? തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവിടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കന്മാർ മക്കൾക്കു നൽകണം. മതബോധനക്ലാസിൽ മക്കൾ ചോദിക്കു ന്നതിന് എത്രയോമുമ്പേ അപ്പനും അമ്മയും വാക്കും പ്രവൃത്തി വഴി വിശ്വാസം അവരോടു പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായകവ്യക്തികളാണ് മാതാപിതാക്കൾ. മാതാപിതാക്കൾ കുട്ടിയുടെ നെറ്റിയിൽ കുരിശുവരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചുകൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞുകൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണു ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമാ യുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാ ത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടി യിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അതു സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ

കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നതു തീർച്ച യാണ്.

ഇന്നത്തെ സാമൂഹികസാംസ്കാരികസാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിനു ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടു ത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവി യാണു നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമുക്കുചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നതു നല്ല താണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർ ന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അതു വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടു ന്നുണ്ട്. ലൈംഗികവൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

അതോടൊപ്പം അസഹിഷ്ണുതയും സാമുദായികസ്പർദ്ധയും വർഗീയവാദവും തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തിപ്രാപിക്കുകയാണ്. പ്രണയം നടിച്ചു പ്രലോഭിപ്പിക്കുകയും മതംമാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെപ്പിടിക്കാനും ക്രിസ്തുചൈതന്യത്തിൽ വളരാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ മാതാപിതാക്കന്മാരും അവരോടുചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്കു ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും സന്ന്യസ്തരും മറ്റ് ആധ്യാത്മികഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസ്സഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിതശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്കു ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്കു വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മികസംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ചു നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളേ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിനു പുറത്തേക്കു പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗമെന്ന തിരിച്ചറിവിൽ നമുക്കു വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയസഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാടു സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ

നമുക്കു പ്രതിജ്ഞ ചെയ്യാം. പീഠത്തിനു മുകളിലെ പ്രകാശ ഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും

**ബിഷപ് തോമസ് തറയിൽ**

ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ് മാത്യൂസ് മാർ പോളികർപ്പോസ്**

വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ് പീറ്റർ അബിർ ആന്റണി സ്വാമി**

വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യലയം
പി.ഒ.സി., കൊച്ചി - 682 025

---

NB: 2024 ഫെബ്രുവരി 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ചു വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 39908/K-5/KCBC/OL/DS 11.12.2023

**2024 ജനുവരി 14**

# കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

'ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല' എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളിപോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻസമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കുവേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്ര്യത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധികസ്ത്രീകൾ പ്രതിഷേധിച്ചതും നമുക്കു മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്വപ്പെട്ട സർക്കാരിനുമുമ്പിൽ, കർഷകരും കർഷകബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്നതരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽനിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലംകൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട് കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉത്പാദനംമുതൽ വിപണനംവരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ ഏലമോ റബ്ബറോ കപ്പയോ ഏതുമാകട്ടെ

കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിനു വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്കു പണം കിട്ടണമെങ്കിൽ കമ്പനികൾക്കു പലിശ നൽകേണ്ട വിചിത്രസ്ഥിതിയിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉത്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന വ്യവസ്ഥയെക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനെക്കാൾ ദാരുണമാണ് നെൽക്കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്കുവായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽക്കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ലു വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനുപകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോടു ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെമേൽ വരുന്നു. വായ്പക്കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകനു പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം, തകഴിയിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽപ്പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറിമാറി ഭരണം നടത്തിയ എല്ലാ സർക്കാർസംവിധാനങ്ങളും കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980 കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ച കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയസ്ഥിതിയിലേക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്കു വിദ്യാഭ്യാസം കൊടുക്കാൻപോലും പറ്റാ

ത്തവിധം സാമ്പത്തികമായി ശോചനീയാവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്നു പറയുന്ന രാഷ്ട്രീയപ്പാർട്ടികൾക്കുപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചുപറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോലും കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കു വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്വപ്പെട്ടവർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലുതേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണു തിരികെലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്കങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർഷകന്റെ ഭൂമിയിലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാനകളുടെ ശല്യംമൂലം വീടുപോലും ഉപേക്ഷിച്ചുപോകേണ്ടിവന്ന്, ഒടുവിൽ പെൻഷൻപോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷകവിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്നു നമുക്കു മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസവ്യവസ്ഥിതിയിൽ കടന്നുകയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേശത്തെ കർഷകക്കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണു നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീകരിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശങ്ങൾപോലും നിഷേധിച്ച്, വിൽക്കാൻ പോലും കഴിയാത്തവിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽനിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെയ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃതരാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയമൃഗമാണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണു നമ്മുടേത്? മനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്കു തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭംമൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നുകയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാസവ്യവസ്ഥിതിയിലേക്കു വന്യമൃഗങ്ങൾ കടന്നുകയറാത്തവിധം പരിഷ്കൃതരാജ്യങ്ങളിലേതുപോലെ വനത്തിനുചുറ്റും ഫലപ്രദമായ കിടങ്ങുകളോ വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിനു പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത വില നൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപ്പാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്കു നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്: കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ/യേശുനാഥൻ കൃഷിയെയും അതിന്റെ പാരമ്പര്യത്തെയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ, ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ, നമ്മുടെ ഭവനങ്ങളോടു ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉത്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷികവൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ് റെമേജിയൂസ് ഇഞ്ചനാനിയിൽ**

ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*

*കൊച്ചി - 682 025*

NB: 2024 ജനുവരി 14-ാം തീയതി ഈ സർക്കുലർ വായിക്കാൻ നൽകപ്പെട്ടതായിരുന്നു. ജനുവരി ലക്കം സാന്ത്വനപ്രകാശത്തിൽ ഇത് ഉൾപ്പെടുത്താൻ സാധിക്കാതെ പോയതിനാൽ 2024 ഫെബ്രുവരി മാസം 18-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No.: 3998/K-5/KCBC/OL/DS 20.012023

# മദ്യവിരുദ്ധഞായർ

## 2024 ഫെബ്രുവരി 25

## മദ്യവിരുദ്ധഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ ഫെബ്രുവരി 25 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉത്പാദനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധഞായറിനു വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. മദ്യ-മയക്കുമരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിതതാവളമായി കേരളം മാറിയെന്നതു ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കുനിർത്താനും അമർച്ചചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ, സമൂഹവും സഭയും ഉണരേണ്ടത് അനിവാര്യമാണ്.

'മദ്യവിരുദ്ധസഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധപ്രസ്ഥാനം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. ഭരണനേതൃത്വം ജനദ്രോഹപരമായി കാലാകാലങ്ങളിലായി പ്രഖ്യാപിച്ചു നടപ്പാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ

മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുമ്പിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർക്കോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാനവ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തരവിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരിമരുന്നുകളാണു പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥത പോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണു നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളിക്കൈകളിൽനിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികളെയും യുവതീയുവാക്കളെയും രക്ഷിക്കേണ്ടതു പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരേ പോരാടാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽനിന്നു മാറ്റിനിർത്താൻ ആർജ്ജവം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിച്ഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാനകാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ചെറിയ ആലസ്യങ്ങൾപോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചുവരുത്തും.

ആത്മാർത്ഥതയും അർപ്പണമനോഭാവവുമുള്ള മദ്യവിരുദ്ധപ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ ആറു മേഖലകളായിത്തിരിച്ച് ഓരോ മേഖലയിലെയും ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോന, ഇടവകതലങ്ങളിലായി മദ്യവിരുദ്ധസമിതികൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്നു സഭയ്ക്കുള്ളത്.

സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവത്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരേയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹനജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെമാത്രമേ ഈ വിപത്തിനെ ചെറുത്തുതോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യചേരുവ സ്പിരിറ്റാണ്. കരിമ്പിൻചണ്ടിയിൽനിന്നു രാസപദാർത്ഥങ്ങൾ ചേർത്തു നിർമ്മിക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമരുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്തു കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ, പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. മദ്യപാനിയുടെ  ചിന്താശക്തിയെ അതു നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറയുന്നു. അതുമൂലം പകർച്ചവ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കുപോലും വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ- രാസലഹരിയുടെ ഉപയോഗംതന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്നു പ്രഖ്യാപിച്ചു നയരേഖയുണ്ടാക്കി തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനുവേണ്ടി ചെറുവിരൽപോലും

അനക്കുന്നില്ല എന്നതാണു പരമാർത്ഥം. ഏഴു വർഷംമുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണ് ഇന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലെറ്റുകളും IT മേഖലകളിൽ പബ്ബുകളും ആരംഭിച്ചതും പഴച്ചാറിൽനിന്ന് മദ്യം ഉത്പാദിപ്പിച്ചതും അവസാനമായി, നിത്യോപയോഗസാധനങ്ങൾ ലഭിച്ചിരുന്ന സിവിൽ സപ്ലൈസ് കടകളിൽവരെ വിപണനകാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്വപ്പെട്ടവർതന്നെ. 2023 മേയ്മാസത്തിൽ കൊച്ചി പുറംകടലിൽനിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബിയും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമമാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിനു രൂപയുടെ രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് തീർച്ചയായും ഭ്രാന്താലയമാകും.

മദ്യ-ലഹരിവിരുദ്ധസമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചു ബോധവത്കരണം നടത്തുക, ലഹരിവിരുദ്ധക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരി വിരുദ്ധസന്ദേശയാത്ര, മദ്യവിരുദ്ധപ്രാർത്ഥനാസമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾമാത്രം. കേരളത്തിൽ മദ്യ-ലഹരിവിമുക്തസമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാസഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രിയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ

നമുക്കു പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മദ്യ-ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ് യുഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി).

**ബിഷപ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി).

**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി).

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 023

---

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

# കച്ചേരിക്കാര്യം

## Transfers & Appointments (February 2024)

| **Very Rev. Frs/Rev. Frs** | |
|---|---|
| Ambazhathunkal George | Vicar, Elamthottam |
| Anithottathil Gervasis | Administrator, St. Alphonsa Shrine Church and Pilgrim Centre, Bharananganam |
| Arackal Joseph | Alphonsian Pastoral Institute |
| Arimattath Joseph | Professor Good Shepherd Minor Seminary |
| Chamakkalayil Sebastian | Relieving, Vicar, Kulamavu & Study |
| Eruvelikunnel Antony | Vicar, Edamaruku |
| Kadalikattil Mathew | Vicar, Kayyoor |
| Kaitholil Joseph | Study, German Language; Residence at Pastoral Institute, Arunapuram |
| Kaniampadickal Sebastian | Director, Mar Sleeva Medicity, Palai |
| Kavalanmakkal Mathew | Relieving, Bursar, Devamatha College, Kuravilangad |
| Kavumpurathu George | Vicar, Santhigiri |
| Kizhake Aranjaniyil George | Vicar, Amparanirappel |
| Kizhakkeparampil Michael | Vicar, Arakulam New |
| Kochayyankanal James | Vicar, Sleevapuram |
| Kochumuriyil Joseph | Vicar, Parathanam |
| Kottarathil Emmanuel | Vicar, Neeramthanam |
| Kozhuppankutty Augustine | Director, Children's Home (Additional) |
| Kozhuppankutty Mani | Relieving, Secretary to Bp. Pallickaparampil |

| | |
|---|---|
| Kulangara Philip | Vicar, Karoor |
| Kumbulumoottil Sebastian | Vicar, Kakkombu |
| Kunnumpuram Berchmans | Vicar, Ramapuram Forane |
| Kurichiel Isaac | Sick Leave, Residence at Priest's Home, Muttuchira |
| Kurumuttath Joseph | Vicar, Lourdes Mount |
| Madickangal James | Vicar, Thirumarady |
| Madukavil George | Vicar, Peringulam |
| Manianchira Joseph | Bursar, Devamatha College, Kuravilangad & Senior Asst. Vicar, Kuravilangad |
| Mannukuzhumpil George | Vicar,Vilakumadom |
| Maprakarottu Sebastian | Vicar, Santhipuram |
| Mundackal Joseph | Vicar, Mangalaram |
| Nadackal Antony | Pastoral Assistant, Moozhoor |
| Naduthadam Sebastian | Spiritual Director, Alphonsa Shrine Church, Bharananganam |
| Njarakunnel George Varghese | Director, Shalom & Viswapariseelana Kendram |
| Njaralakatt Philip | Relieving, Children's Home, Kummannoor. Residence at Casa del Clero, Cherpunkal |
| Ouseparampil Michael | Spiritual Director, Malankara Seminary, Thiruvananthapuram |
| Palackaparambil Augustine | Rector, Alphonsa Shrine Church, Bharananganam |
| Panackakuzhiyil Thomas | Manager, Sea View Estate Parathanam |
| Pandiamackal Joseph Sr | Vicar, Kalikavu |
| Panthalanickal Christy | Director, Pala Communications |
| Parackal Paul | Vicar, Vedagiri |
| Parathotty Mathew | Vicar, Neeloor |
| Pariath Joseph Jr | Vicar, Mattakkara |

| | |
|---|---|
| Pariyappanal Johnson | Vicar, Vezhanganam |
| Paruthiparayil Thomas | Vicar, Meenachil |
| Pazheparampil Sebastian | Vicar, Anthinad |
| Polakatt Kurian | Vicar, Chempilavu |
| Pulickaparambil Mathew | Vicar, Kulamavu |
| Pullukalayil George | Secretary, Corporate Educational Agency |
| Punnathanathu Thomas | Vicar, Kizhathadiyoor |
| Punnathanathukunnel Mathew | Relieving, Paika & Residence at Nelliani |
| Puthiyidath Mathew | Sabarmati Mission |
| Thakadiyel Abraham | Pro Vicar, Vakakkad |
| Tharappel Jose Jr | Vicar, Piravom |
| Thayil Antony | Vicar, Mevada |
| Thottumkal Thomas | Spiritual Director, Alphonsa Shrine Church, Bharananganam |
| Thudiyanplakkal Kuruvila | Pastoral Asst., Chakkampuzha |
| Vadakkethottiyil George | Pastoral Assistant, Mannarappara |
| Valummel Thomas | Relieving, Pala Communications |
| Varickamackal Kurian | Vicar, Mutholi |
| Varickamakkal Emmanuel | Retired, Residence at Mar Aprem Priests' Home, Pala |
| Vettukallel James | Vicar, Velliamattom |
| Vettukallel Sebastian | Vicar, Aruvithura F |

**Assistants**

**Rev. Frs**

| | |
|---|---|
| Alanickal (Mootheadthu) Joseph | Asst. Vicar, Elanji |
| Andassery James | Asst. Vicar, Kozhuvanal |
| Chathenkunnel George | Asst. Vicar, Thudanganad |
| Cheenothuparampil Joseph | Asst. Vicar, Lalam New |

| | |
|---|---|
| Cheripuram Sebastian | Asst. Vicar, Kanjirathanam |
| Ettackakunnel George | Asst. Vicar, Cathedral |
| Illickal Shino | Relieving, Asst. Vicar, Paika |
| Kakkaniyil Abraham | Asst. Vicar, Ramapuram |
| Kanjirathinkal Emmanuel | Asst. Director, PSWS |
| Kizhakkekara Thomas | Asst. Vicar, Koodalloor |
| Kizhakkeparampil Abraham CRM | Relieving, Asst. Vicar, Kaduthuruthy |
| Konookunnel Joseph | Asst. Vicar, Melukavumattom |
| Koovalloor Joseph | Thukalay Mission |
| Kunnackattu Cherian (Joby) | Asst. Vicar, Paika |
| Kunnumpurth Paul | Asst. Vicar, Kuravilangad |
| Kuruvachira Joanny | Asst. Vicar, Ramapuram |
| Kuzhimullil Abraham | Asst. Vicar, Aruvithura |
| Madathiparampil Joseph | Asst. Vicar, Kanjiramattom |
| Madhurappuzha Thomas | Asst. Vicar, Peringulam |
| Mamalasseril Tom Jose | Asst. Vicar, Kothanalloor |
| Manankal John | Asst. Vicar, Ramapuram |
| Manarkattu Joseph | Vice Chancellor, Eparchy of Palai |
| Mattel Francis | Study, Library Science & Asst. Vicar, Aruvithura |
| Mookkenthottathil Joseph | Asst. Director, Mount Nebo, Vagamon |
| Nangaparampil Antony | Asst. Vicar, Lalam Old |
| Panachikkalkarottu James | Secretary to Bp. Joseph Pallikkaparampil & Media Commission |
| Panangattu Mathew | Asst. Vicar, Vadakara |
| Pariyarath Thomas | Asst. Vicar, Cherpunkal |
| Plathottam Thomas | Study, Germany |
| Polachirakunnumpuram George | Asst. Vicar, Pravithanam |

| | |
|---|---|
| Poyyaniyil Joseph | Asst. Vicar, Neeloor |
| Puthuparambil Thomas | Asst. Director, Evangelization Programmes & Asst. Director, KCSL |
| Thayil Joseph | Asst. Vicar, Marangattupally |
| Thayil Mathew | Asst. Vicar, Kaduthuruthy |
| Thennattil Mathew | Asst. Manager, St Thomas Press & Deepanalam Publications |
| Valloothadathil Joseph | Asst. Vicar, Mannarappara |
| Varakukalaparampil Thomas MC | Relieving, Asst. Vicar, Marangattupally |
| Vazhacharickal Mathew | Asst. Vicar, Muttuchira |
| Vazhakalayil Antony | Asst. Vicar, Kuravilangad |
| Vennayappillil Mathew | Asst. Vicar, Kizhathadiyoor |

## അറിയിപ്പുകൾ

### സംഭാവനശേഖരണം

1. തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഫെബ്രുവരി മാസം 18-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ പിരിവുനടത്തിക്കിട്ടുന്ന തുക മാർച്ച് 30 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം.

2. മദ്യവിരുദ്ധഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ 2024 ഏപ്രിൽ 30 നു മുമ്പായി ഏൽപ്പിക്കണം.

3. വിശപ്പിനും രോഗത്തിനുമെതിരേ നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തിക്കിട്ടുന്ന തുക ഏപ്രിൽ 30 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണം.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ലിസി ഡേവിഡ്, കൂട്ടിക്കൽ | 400,000.00 | |
| 2 | റ്റിൻസ് ടോമി, സേവ്യർപുരം | 400,000.00 | |
| 3 | അംബികദേവി, ഇലഞ്ഞി | 400,000.00 | |
| 4 | ബേബി മാത്യു, സേവ്യർപുരം | 400,000.00 | |
| 5 | ചെറിയാൻ, ഇടപ്പാടി | 400,000.00 | |
| 6 | ജോണി ജോർജ്, കടുത്തുരുത്തി | 400,000.00 | |
| 7 | ജോമിസ് ജോസഫ്, കൈപ്പള്ളി | 75,000.00 | |
| 8 | ജോണി റ്റി.എ., ഇടമറ്റം | 30,000.00 | |
| 9 | മാത്യു, പറത്താനം | 30,000.00 | |
| 10 | കെ.ജെ. തോമസ്, ചേറ്റുതോട് | 50,000.00 | |
| 11 | സിബി ജോസഫ്, പ്രവിത്താനം | 30,000.00 | |
| 12 | കത്രി മത്തായി, കുറിഞ്ഞി | 15,000.00 | |
| 13 | തോമസ് മത്തായി, മരങ്ങാട്ടുപള്ളി | 400,000.00 | |
| 14 | ലിസി ജോർജ്, കുറവിലങ്ങാട് | 400,000.00 | |
| 15 | ഉദയൻ റ്റി.വി., പിഴക് | 400,000.00 | |
| 16 | പത്മാക്ഷി രാഘവൻ, കുറവിലങ്ങാട് | 400,000.00 | |
| 17 | ത്രേസ്യാമ്മ അഗസ്റ്റ്യൻ, ചക്കിക്കാവ് | 25,000.00 | |
| 18 | റോയി ജോസഫ്, തിടനാട് | 25,000.00 | |
| 19 | നിബു സെബാസ്റ്റ്യൻ, തിടനാട് | 25,000.00 | |
| 20 | ബെന്നി, തിടനാട് | 30,000.00 | |
| 21 | ജോസഫ് ആന്റണി, മേരിലാന്റ് | 35,000.00 | |
| 22 | മനു തോമസ്, മേരിലാന്റ് | 35,000.00 | |
| 23 | സന്ധ്യാ, അന്തീനാട് | 400,000.00 | |
| 24 | ബേബി മാത്യു, പെരുംതുരുത്ത് | 400,000.00 | |
| 25 | ഷീബ ജോയ്, മംഗളാരാം | 25,000.00 | |
| 26 | ഷിജി, അന്തീനാട് | | 115,800.00 |
| 27 | ഗോവിന്ദൻ, അന്തീനാട് | | 75,000.00 |
| 28 | ബോബൻ പൊറ്റേടത്തിൽ, പെരിങ്ങുളം | | 527,370.00 |

## സ്ഥലം നൽകിയത്

| | | |
|---|---|---|
| 1 | റോസമ്മ മണിമലപ്പറമ്പിൽ, കുണ്ടുകാട് (രത്നഗിരി) | 90 Cent |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി. എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുമുള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ക്രിസ്തുമസ് ആഘോഷം നടത്തി. ജീവനക്കാർക്കായി ആശുപത്രിയുടെ ഓരോ നില കേന്ദ്രീകരിച്ചും ക്രിസ്തുമസ് ട്രീ ഒരുക്കൽ മത്സരം നടത്തി. ക്രിസ്തുമസ് കരോൾ സർവീസ്, ജീവനക്കാരുടെ കലാപരിപാടികൾ എന്നിവയും ആഘോഷത്തിന്റെ ഭാഗമായി നടന്നു. മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ ക്രിസ്തുമസ് സന്ദേശം നൽകി. കമ്യൂണിറ്റി റിലേഷൻസ് മാനേജർ പ്രഫ. സാബു ഡി. മാത്യു, ന്യൂറോളജി വിഭാഗം കൺസൽട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം എന്നിവർ പ്രസംഗിച്ചു. പേഷ്യന്റ് അംബാസിഡർ പദ്ധതിയുടെ അവതരണം ഹോസ്പിറ്റൽ ഓപ്പറേഷൻസ് അസി. മാനേജർ അജീഷ് വി. നിർവ്വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അലർജി ക്ലിനിക്കിന്റെ കൂദാശ നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ അലർജി ക്ലിനിക്ക് ആൻഡ് പൾമണറി പ്രൊസീജ്യുർ മുറിയുടെ കൂദാശ നടത്തി. മാനേജിംഗ് ഡയറക്ടർ മോൺ ജോസഫ് കണിയോടിക്കൽ കൂദാശ നിർവ്വഹിച്ചു. ഫിനാൻസ് ഡയറക്ടർ റവ.ഫാ.ഡോ. ഇമ്മാനുവൽ പാറേക്കാട്ട്, പൾമണറി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. ജെയ്സി തോമസ് എന്നിവർ പങ്കെടുത്തു.

**നാച്ചുറോപ്പതി ബോധവത്കരണക്ലാസ്സും ക്യാമ്പും നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റി നാച്ചുറോപ്പതി വിഭാഗത്തിന്റെ നേതൃത്വത്തിൽ മൂഴൂർ കാർഷികമേളയോട് അനുബന്ധിച്ചു മൂഴൂർ സെന്റ് മേരീസ് പള്ളി ഹാളിൽ നാച്ചുറോപ്പതി ബോധവൽക്കരണ ക്ലാസ്സും, മെഡിക്കൽ ക്യാമ്പും നടത്തി. നാച്ചുറോപ്പതി ഫിസിഷ്യൻ ഡോ. വിഷ്ണുമോഹൻ നേതൃത്വം നൽകി.

**സൗജന്യ പി.എഫ്.ടി പരിശോധന ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ സെന്റർ അരുവിത്തുറയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി ശ്വാസകോശരോഗനിർണയത്തിനുള്ള സൗജന്യ പി.എഫ്.ടി (പൾമണറി ഫങ്ഷൻ ടെസ്റ്റിങ്) പരിശോധന ക്യാമ്പ് നടത്തി. പാലാ മാർ സ്ലീവാ മെഡിസിറ്റി പൾമണറി വിഭാഗം കൺസൽട്ടന്റ് ഡോ. മെറിൻ യോഹന്നാൻ പരിശോധനയ്ക്കു നേതൃത്വം നൽകി.

**ഐ.എം.എ. ആരംഭ് 2024ൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി**

ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ (ഐ.എം.എ) കോട്ടയത്തു നടത്തിയ ആരംഭ് 2024 പരിപാടിയിൽ ഡയബറ്റിസ് ആൻഡ് വുമൻ എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. പാലാ മാർ സ്ലീവാ മെഡിസിറ്റി എൻഡോക്രൈനോളജി വിഭാഗം കൺസൽട്ടന്റ് ഡോ. ഗീതു ആന്റണി ക്ലാസ്സ് നയിച്ചു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം**

ജനുവരിമാസത്തിൽ ആയിരക്കണക്കിന് അൽഫോൻസാ ഭക്തർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**കബറിടം സന്ദർശിച്ച് വി. കുർബാന അർപ്പിച്ച വിശിഷ്ടവ്യക്തികൾ**

ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത മെത്രാൻ)
ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ (മുൻ ഉജ്ജയ്ൻ രൂപതാധ്യക്ഷൻ)
ബിഷപ് മാർ ജേക്കബ് അങ്ങാടിയാത്ത് (മുൻ ചിക്കാഗോ രൂപതാധ്യക്ഷൻ )
റൈറ്റ് റവ. ജോൺ ഫ്രാൻസിസ് ഷെറിങ്ടൺ (ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ രൂപതയുടെ സഹായമെത്രാൻ)

**നവവൈദികർക്കു സ്വീകരണം**

പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച 13 നവവൈദികർ 2024 ജനുവരി 22 തിങ്കളാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേരുകയും രാവിലെ 11.30 ന് വി. കുർബാനയർപ്പിക്കുകയും വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു.

**വടവാതൂർ സെമിനാരിയിൽനിന്നുള്ള കബറിടസന്ദർശനം**

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയിൽ നിന്ന് ഈ വർഷം തത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന 55 ശെമ്മാശ്ശന്മാർ 2024 ജനുവരി 28 ഞായറാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ പദയാത്രയായി എത്തിച്ചേരുകയും സെമിനാരി അധ്യാപകരായ ഫാ. ലിന്റോ കുറ്റിക്കാടൻ, ഫാ. ജോൺസൺ നീലനിരപ്പേൽ എന്നിവരുടെ കാർമ്മികത്വത്തിൽ കബറിടദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2024 ജനുവരി 07 ഞായറാഴ്ച ഉച്ചയ്ക്ക്1 മണിക്ക് വി. കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2024 ജനുവരി 27 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭി മുഖ്യത്തിൽ രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു. വൈകുന്നേരം 7.00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. രാത്രി 11.00 മണിക്ക് സമാപിച്ചു. ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**ജപമാല പ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മ യിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു ജനുവരി മാസം നേതൃത്വം നൽകിയ ഇടവകകൾ: ളാലം പുത്തൻ പള്ളി (13/01/2024), സിബിഗിരി (20/01/2024), അരുണാപുരം (27/01/2024) ഫെബ്രുവരി മാസം ജപമാല പ്രദക്ഷിണത്തിന് നേതൃത്വം നൽകുന്ന ഇടവകകൾ : മൂന്നിലവ് (03/02/2024), പാദുവ (10/02/2024), രത്നഗിരി (17/02/2024), മണലുങ്കൽ (24/02/2024).

**റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. മാതൃകാ വിശ്വാസപരിശീലക അവാർഡ്**

പാലാ രൂപതയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന വിശ്വാസപരിശീലകനു വർഷംതോറും നൽകിവരുന്ന അവാർഡാണ് പതിനായിരം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ മാതൃകാ വിശ്വാസപരിശീലക അവാർഡ്. ഈ വർഷം ഈ അവാർഡിനർഹയായിരിക്കുന്നത് രാമപുരം ഇടവകാംഗമായ ശ്രീമതി ഷീബ ബിനോയി പള്ളിപ്പറമ്പിലാണ്. നിലവിൽ രാമപുരം മാർ ആഗസ്തീനോസ് സൺഡേസ്കൂൾ പ്രഥമാധ്യാപികയായ ഷീബ ടീച്ചർ കഴിഞ്ഞ 25 വർഷമായി വിശ്വാസപരിശീലനരംഗത്ത് വളരെ സജീവമായി പ്രവർത്തിച്ചുവരികയാണ്. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപികകൂടിയായ ഷീബ ടീച്ചർ രാമപുരം ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കു മികവാർന്ന നേതൃത്വം കൊടുക്കുന്നതോടൊപ്പം ഇടവക യിലെ മറ്റെല്ലാ കാര്യങ്ങൾക്കും പൂർണ്ണസഹകരണം നൽകുകയും ചെയ്യുന്നു. ഇടവക കുടുംബക്കൂട്ടായ്മ സെക്രട്ടറി, Kerala Catholic Council അംഗം, പാലാ

രൂപത Safe Environment Committee Member, രൂപതസ്കൂൾ Question board അംഗം എന്നീ നിലകളിലും ടീച്ചർ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു. നല്ല ഒരു വാഗ്മിയായ ടീച്ചർ, രൂപത, സംസ്ഥാനതലങ്ങളിലുള്ള പ്രസംഗമത്സരങ്ങളിൽ നിരവധി തവണ വിജയിയായിട്ടുണ്ട്. KCYM, KCSL, CML സംഘടനകളുടെ രൂപതാസമിതികളിൽ അംഗമായും ടീച്ചർ പ്രവർത്തിച്ചിട്ടുണ്ട്. ഭർത്താവും രണ്ടു കുട്ടികളും ഭർത്താവിന്റെ മാതാപിതാക്കളുമടങ്ങുന്ന കുടുംബത്തിന്റെ, ഉത്തരവാദിത്വമുള്ള കുടുംബിനിയായ ടീച്ചർ നല്ല വിശ്വാസജീവിതത്തിന്റെ ഉടമയാണ്. വിശ്വാസപരിശീലനരംഗത്ത്, വിവിധ തലങ്ങളിൽ ടീച്ചർ നൽകിവരുന്ന സേവനങ്ങൾ പ്രശംസനീയമാണ്. ടീച്ചറിനും കുടുംബത്തിനും പ്രത്യേകം അഭിനന്ദനങ്ങൾ. 2024 ജനുവരി 26-ാം തീയതി വെള്ളിയാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെട്ട വാർഷികസമ്മേളനത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിൽനിന്ന് ടീച്ചർ പുരസ്കാരം ഏറ്റുവാങ്ങി.

**2. മികച്ച സൺഡേസ്കൂളുകൾ**

രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകളായി A, B, C വിഭാഗങ്ങളിൽ താഴെപ്പറയുന്ന സൺഡേസ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടു.

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | അടിവാരം | മൂലമറ്റം | രാമപുരം |
| IInd | ഉരുളികുന്നം | ളാലം ഓൾഡ് | കുറവിലങ്ങാട് |

ഈ സൺഡേ സ്കൂളുകളിലെ ബഹുമാനപ്പെട്ട വൈദികർക്കും പ്രഥമാധ്യാപകർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

3. CTP കോഴ്സ് 2023 -2024

2023 - 2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജനുവരി മാസത്തിലെ ക്ലാസ്13-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. Church History എന്ന വിഷയത്തെ അധികരിച്ച് ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത് ക്ലാസ് നയിച്ചു.

ഫെബ്രുവരി മാസത്തിലെ ക്ലാസ്സ്

ജനുവരി 10 ശനി : Patrology : ഡോ. ജോൺ കണ്ണന്താനം

**4. വിശ്വാസപരിശീലന രൂപതാവാർഷികം**

വിശ്വാസപരിശീലന രൂപതാവാർഷികം 2024 ജനുവരി 26-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ഈ സമ്മേളനത്തിൽവച്ച് അഭിവന്ദ്യ പിതാവ് ആദരിക്കുകയും, ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കി. രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികൾ,

വിവിധ സ്കോളർഷിപ്പുകൾ നേടിയവർക്കുള്ള സമ്മാനങ്ങൾ എന്നിവയും ഈ വർഷികയോഗത്തിൽവച്ചു നല്കി.

**5. പ്രഥമാധ്യാപകസമ്മേളനം**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ 2-ാമത് പ്രഥമാധ്യാപക സമ്മേളനം 2024 ജനുവരി 26-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെയുള്ള സമയത്ത് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെട്ടു. ഡോ. വി.പി. ദേവസ്യ ഓറിയന്റേഷൻ ക്ലാസ് നൽകി.

**6. സൺഡേസ്കൂൾ വാർഷികപ്പരീക്ഷ**

വിശ്വാസപരിശീലനത്തിന്റെ വാർഷികപ്പരീക്ഷ 2024 ഫെബ്രുവരി 18 ഞായറാഴ്ച നടത്തപ്പെടുന്നു.

സമയം: Std I - VII : 11:00 am - 01:00 pm

Std VIII - XII: 02:00 pm - 04:00 pm

പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ 2024 ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 04.30 വരെയുള്ള സമയത്ത് വിശ്വാസപരിശീലന കേന്ദ്രം ഓഫീസിൽനിന്നു ലഭിക്കുന്നതാണ്. രൂപതയിൽനിന്നു നിശ്ചയിച്ചിരിക്കുന്ന തീയതിയിലും സമയത്തുംതന്നെ പരീക്ഷ നടത്തേണ്ടതാണ്.

X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകൾ കേന്ദ്രീകൃതമൂല്യനിർണ്ണയത്തിനായി 2024 ഫെബ്രുവരി 19 തിങ്കളാഴ്ച വൈകിട്ട് 4.30-ന് മുമ്പായി രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**7. X, XII ക്ലാസ്സുകളിലെ പരീക്ഷാ രജിസ്ട്രേഷൻ**

X, XII ക്ലാസ്സുകളിലെ പരീക്ഷാ രജിസ്ട്രേഷൻ മുൻവർഷങ്ങളിലേതുപോലെ Online ആയി നടത്തേണ്ടതാണ്. പരീക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള Web portal-ൽ 2024 ജനുവരി 28 ഞായറാഴ്ചമുതൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. 2024 ഫെബ്രുവരി 11 ഞായറാഴ്ച രാത്രി 9 മണിക്കുമുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

**8. രൂപതാവിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം മീറ്റിംഗ്**

രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2024 ജനുവരി 13 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. വിശ്വാസപരീശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആമുഖസന്ദേശം നൽകി. ടീം അംഗങ്ങൾ തങ്ങളുടെ സന്ദർശന അനുഭവങ്ങൾ പങ്കുവച്ചു. നാലു മണിയോടെ മീറ്റിംഗ് അവസാനിച്ചു.

**9. തിരുബാലസഖ്യം ക്വിസ്**

തിരുബാലസഖ്യം സംഘടനയിലെ അംഗങ്ങൾക്കായി നടത്തപ്പെടുന്ന തിരുബാലസഖ്യം ക്വിസ് 2024 ജനുവരി 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ നടത്തപ്പെട്ടു. ഓരോ മേഖലയിൽനിന്നും മേഖലാ തലമത്സരത്തിൽ ആദ്യസ്ഥാനങ്ങളിൽ എത്തിയ രണ്ടുപേർ വീതമാണ്

രൂപതാതലമത്സരത്തിൽ പങ്കെടുത്തത്. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

I[st] Prize: എലൈസ ബിജു പുന്നത്തടത്തിൽ, രാമപുരം.

II[nd] Prize: ജോൺ എബ്രാഹം തോംസൺ വയമ്പോത്തനാൽ, അരുവിത്തുറ.

III[rd] Prize: ആൻ ലിസാ സിറിയക് ആലപ്പാട്ടുകോട്ടയിൽ, തുരുത്തിപ്പള്ളി.

IV[th] Prize: ജോവാന ലിസ്ബെത്ത് മെൽബി കൂനംമാക്കൽ, രാമപുരം.

V[th] Prize: ശ്രേയ മരിയ സുജിത്ത് വെട്ടുകാട്ടിൽ, അരുവിത്തുറ.

പങ്കെടുത്ത മറ്റെല്ലാ കുട്ടികൾക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകി.

**10. തിരുബാലസഖ്യം – എന്റെ ഡയറി മത്സരവിജയികൾ**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി "എന്റെ ഡയറി" മത്സരം നടത്തപ്പെട്ടു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കിയ ഡയറിക്കുറിപ്പുകളാണു മത്സരത്തിനു പരിഗണിച്ചത്. രൂപതയുടെ വിവിധ ഇടവകകളിൽനിന്നായി 81 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

Ist Prize: ജോവാന ലിസ്ബത്ത് മെൽബി കൂനമ്മാക്കൽ, രാമപുരം.

IInd Prize: ജോൺ എബ്രാഹം തോംസൺ വയത്തനാൽ, അരുവിത്തുറ.

IIIrd Prize: എയ്ഞ്ചൽ പ്രതീഷ് പുതനപ്രാക്കുന്നേൽ, അടുക്കം.

IVth Prize: ആൻഡ്രിയ അരുൺ പേണ്ടാനത്ത്, തീക്കോയി.

Vth Prize: കെസിയ മേരി സാജു മണിയങ്ങാട്ട്, മണലുങ്കൽ.

പങ്കെടുത്ത മറ്റെല്ലാ കുട്ടികൾക്കും പ്രോത്സാഹനസമ്മാനങ്ങൾ നൽകി.

**11. സ്കൂൾ മതബോധന – സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2024 ജനുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയും മതബോധന സ്കോളർഷിപ്പ് പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നടത്തപ്പെട്ടു. പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്., അരുവിത്തുറ സെന്റ് ജോർജ് എച്ച്.എസ്., കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസ്., മൂലമറ്റം സെന്റ് ജോർജ് യു.പി.എസ്. എന്നീ നാലു കേന്ദ്രങ്ങളിലായി നടത്തപ്പെട്ട പരീക്ഷയിൽ 3257 കുട്ടികൾ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. സിൽവർ ജൂബിലി ജ്യോതി, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുശേഷിപ്പ് പ്രയാണം**

ഡിസംബർ 3-10 വെങ്കിട്ടപുരം, 10-17 ഗൊല്ലപ്പള്ളി, 17-24 കോനംപെട്ട, 24-31 നെന്നൽ. പ്രയാണത്തോടനുബന്ധിച്ചു എല്ലാ മിഷൻ സെന്ററുകളിലും സബ് സെന്ററുകളിലും പ്രത്യേക പ്രാർത്ഥനകളും ആരാധനയും നടത്തി.

**2. പുതുവർഷം 2024**

പാലാ മിഷനിലെ എല്ലാ സെന്ററുകളിലും ഡിസംബർ 31 രാത്രി 11 മണിക്ക് ആരാധന, വർഷവസാന പ്രാർത്ഥന, പുതുവർഷ പ്രാർത്ഥന, വി. കുർബാന നടത്തി.

**3. മിഷൻ സന്ദർശനം**

ഡിസംബർ 26-30 തീയതികളിൽ പാലാ രൂപതയിലെ മീനച്ചിൽ ഇടവകയിൽ നിന്ന് ബഹു. വികാരി തോമസ് തോട്ടുങ്കൽ അച്ചന്റെ നേതൃത്വത്തിൽ 22 പേർ പാലാ മിഷനിൽ സന്ദർശനം നടത്തി.

ഡിസംബർ 28-31 തീയതികളിൽ കുറവിലങ്ങാട്ടുനിന്ന് ജോഷ്വ ജോർജ് പുതിയിടത്തും അലൻ, വിജയ് എന്നീ സുഹൃത്തുക്കളും പാലാ മിഷൻ സന്ദർശിച്ചു. ജനുവരി 4 ന് കപ്പൂച്ചിൻ അച്ചന്മാരുടെ നേതൃത്വത്തിൽ ചെന്നൂരിൽനിന്ന് 50 പേർ പാലാ മിഷൻ സന്ദർശിച്ചു. പാലാ മിഷനിലെ അച്ചന്മാരെ ആദരിക്കുകയും പാലാ മിഷനു നന്ദി പറയുകയും ചെയ്തു.

ജനുവരി 9 ന് ഛാന്ദാ രൂപതയിലെ സിറോൻച മിഷൻ സെന്ററിൽനിന്ന് ഫാ. ജോസ് പള്ളിവാതുക്കൽ CMI ചെന്നൂരിലെ കപ്യുചിൻ അച്ചന്മാരോടൊപ്പം പാലാ മിഷൻ സന്ദർശിച്ചു.

ജനുവരി 15 ന് അദിലാബാദ് രൂപതയിലെ ഘടം മിഷൻ സെന്ററിൽനിന്ന് ഫാ. ജോഷി അമ്പാട്ടും, സെന്റ് എലിസബത്തൻ സിസ്റ്റേഴ്സും പാലാ മിഷനിൽ സന്ദർശനം നടത്തി.

**4. ജാഗരണപ്രാർത്ഥന**

ജനുവരി 12 വെള്ളിയാഴ്ച രൂപതയുടെ എഫ്ഫാത്ത ധ്യാനകേന്ദ്രത്തിലെ രാത്രി ആരാധനയും പ്രാർത്ഥനയും പാലാ മിഷനിലെ അച്ചന്മാർ നയിച്ചു. പാലാ മിഷനിൽ നിന്ന് 100 പേർ പങ്കെടുത്തു.

**5. മാസധ്യാനം**

CMI ഹൈദരാബാദ് പ്രൊവിൻസിലെ അച്ചന്മാരുടെ മാസധ്യാനം ജനുവരി 12 ന് കോട്ടപ്പള്ളി സെന്ററിൽ വച്ചു നടന്നു. ഫാ. മാത്യു പുതിയിടത്ത് ധ്യാനം നയിച്ചു. പ്രൊവിൻസിലെ അച്ചന്മാർ പാലാ മിഷനു നൽകിയ എല്ലാ സഹായ ങ്ങൾക്കും ഫാ. മാത്യു പുതിയിടത്ത് നന്ദി പറഞ്ഞു.

**6. തിരുനാൾ**

നെന്നൽ വി. മദർ തെരേസ പള്ളി തിരുനാൾ. ജനുവരി 15 ന് വൈകുന്നേരം ഫാ. ജോസഫ് പരിയാത്ത് ആരാധന നയിച്ചു. കുമ്പസാരം, പ്രദക്ഷിണം, സ്നേഹ വിരുന്ന്. 16 ന് വൈകുന്നേരം 5.30 ന് അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. മാർ ജോസഫ് കുന്നത്ത് പിതാവും ഫാ. മാത്യു പുതിയിടത്തും സഹകാർമ്മികരായിരുന്നു. തുടർന്ന്, യാത്രയയപ്പു സമ്മേളനം, സ്നേഹവിരുന്ന് എന്നിവയും നടന്നു.

**7. യാത്രയയപ്പു സമ്മേളനം**

കഴിഞ്ഞ 17 വർഷം പാലാ മിഷൻ അദിലാബാദ് രൂപതയിൽ ചെയ്ത പ്രവർത്തനങ്ങൾക്കു പാലാ രൂപതയ്ക്കും, അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും, ഇവിടെ ശുശ്രൂഷ ചെയ്ത അച്ചന്മാർക്കും, റീജൻസി ബ്രദേഴ്സിനും നന്ദി പറഞ്ഞ് മാർ പ്രിൻസ് ആന്റണി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അച്ചന്മാരെ ആദരിക്കുകയും മെമൊന്റോയും സമ്മാനങ്ങളും നൽകുകയും ചെയ്തു.

മാർ ജോസഫ് കുന്നത്ത് പിതാവ്, വികാരി ജനറാൾ ഫാ. ജോസഫ് മാണിക്ക ത്താൻ, CMI പ്രൊവിഷ്യൽ ഫാ. പയസ് പരിയാരത്തുകുന്നേൽ, അച്ചന്മാരുടെയും മിഷൻ സെന്ററുകളിലെയും പ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു. കലാ പരിപാടികൾ നടന്നു. പാലാ മിഷൻ കോ-ഓർഡിനേറ്റർ ഫാ. മാത്യു പുതിയിടത്തു മറുപടിപ്രസംഗം പറഞ്ഞു. പാലാ മിഷനിൽനിന്നും പരിസര ഇടവകകളിൽനിന്നും ആളുകൾ പങ്കെടുത്തു. രൂപതയിൽനിന്ന് വൈദികരും സിസ്റ്റേഴ്സും അടക്കം നാനൂറ്റമ്പതിലധികം പേർ പങ്കെടുത്തു. സ്നേഹവിരുന്നും നൽകി.

ജനുവരി 7 ന് ബീമാരം സോണിലെ അച്ചന്മാരും സിസ്റ്റേഴ്സും ചേർന്ന് ചെന്നൂരിൽവച്ചു അച്ചന്മാർക്കു യാത്രയയപ്പു നൽകി. 10 ന് സാലിഗാവ് സെന്ററിലും, 11 ന് മഞ്ചേരിയാൽ സിഎംസി പ്രൊവിൻഷ്യൽ ഹൗസിലും ജനുവരി 13 ന് പാലാ മിഷനിലെ സിസ്റ്റേഴ്സും, 20 ന് ദയ ഗാവ് ASMI സിസ്റ്റേഴ്സും, 22 ന് റാളം മേട്ടുപള്ളി സെന്ററിലും, മന്ദമാരി കാർമ്മൽ സ്കൂളിലും, രംഗപേട്ട സെന്ററിലും, പാലാ മിഷനിലെ എല്ലാ സെന്ററുകളിലും അച്ചന്മാർക്കു യാത്രയയപ്പു നൽകി.

**8. ജീവസ്വരം ബൈബിൾ കൺവെൻഷൻ**

ജനുവരി 19-21 തീയതികളിൽ ബെല്ലമ്പള്ളി സോണൽ ബൈബിൾ കൺവെൻഷൻ നടന്നു. ലിറ്റർജി കാര്യങ്ങൾക്കു പാലാ മിഷൻ നേതൃത്വം നൽകി. പാലാ മിഷനിൽനിന്ന് 300 പേർ പങ്കെടുത്തു. കൺവെൻഷന് ഒരുക്കമായി ജനുവരി 7 ന് പാലാ മിഷനിലെ പള്ളികളിൽ ആരാധന നടത്തി. 13 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും നെന്നലിൽ ഒത്തുചേർന്ന് ആരാധന നടത്തി.

**9. യാത്രാവന്ദനം**

ജനുവരി 24 ന് വൈകിട്ട് മാർ പ്രിൻസ് ആന്റണി പിതാവ് നെന്നലിൽ എത്തി റെയിൽവേ സ്റ്റേഷനിലേക്കുള്ള യാത്ര ക്രമീകരിച്ചു. 25 ന് രാവിലെ 10.30 ന് അച്ചന്മാർ ബെല്ലമ്പള്ളി റെയിൽവേ സ്റ്റേഷനിൽ എത്തി. അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ്, വികാരി ജനറൽ, അച്ചന്മാർ, സിസ്റ്റേഴ്സ്, അല്മായർ തുടങ്ങി നൂറിലധികം പേർ യാത്രയയ്ക്കാൻ എത്തി. 11.30 ന് കോർബാ എക്സ്പ്രസ്സ് ട്രെയിൻ കേരളത്തിലേയ്ക്കു യാത്രയായി.

**10. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ദനഹാത്തിരുനാൾ**

റീജണിലെ എല്ലാ ഇടവകകളിലും നമ്മുടെ കർത്താവിന്റെ ദനഹാത്തിരുനാൾ സമുചിതമായി ആചരിച്ചു.

**2. സെന്റ് മേരീസ് ഫ്രൈഷൻ ചർച്ച്, വഡോദര**

പ്രശസ്തമായ വഡോദര മരിയൻ തീർത്ഥാടനദൈവാലയത്തിൽ പരി. ദൈവമാതാവിന്റെ തിരുനാൾ ദിവസമായ ജനുവരി 26 ന് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ആഘോഷപൂർവ്വകമായ പരി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഗുജറാത്ത് റീജണിലെ എല്ലാ വൈദികരും സന്നിഹിതരായിരുന്നു.

**3. മരിയൻ മാതൃവേദി വഡോദര സോണൽ മീറ്റിംഗ്**

മരിയൻ മാതൃവേദി വഡോദര സോണിന്റെ ആഭിമുഖ്യത്തിൽ സോണൽ തലത്തിൽ മാതൃവേദിദിനം ആചരിച്ചു. സമ്മേളനത്തിൽ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സോണൽ ഡയറക്ടർ ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST, ഫാ. ടോം വടക്കേക്കര, ഫാ. ജോർജ് നെല്ലിക്കൽ, ഫാ. മേരിദാസ് കുളങ്ങര, ഫാ. ജെയിംസ് പാലയ്ക്കാത്തടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

**4. പോപ്പുലർ മിഷൻ ധ്യാനം**

മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ പോപ്പുലർ മിഷൻ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന്റെ സമാപനദിനത്തിൽ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ സന്ദേശവും സമാപന ആശീർവാദവും നൽകി.

**5. ദൈവാലയകൂദാശ**

വാപ്പിയിൽ വി. ജോൺ പോൾ രണ്ടാമന്റെ നാമത്തിൽ പണികഴിപ്പിച്ച പുതിയ ദൈവാലയത്തിന്റെ കൂദാശ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ നിർവഹിച്ചു. ഇടവകവികാരി ഫാ. ജോയി മാണിക്കനാംപറമ്പിൽ CMI ചടങ്ങുകൾക്കു നേതൃത്വം നൽകി.

**6. ഇടയനടുത്ത സന്ദർശനം**

ദമൻ ഇടവകയിൽ ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ ഇടയനടുത്ത സന്ദർശനം നടത്തി. ഇടവകവികാരി ഫാ. ജോയി മാണിക്കനാംപറമ്പിൽ CMI, കൈക്കാരന്മാർ, കമ്മിറ്റിക്കാർ എന്നിവർ ചേർന്ന് അഭിവന്ദ്യ പിതാവിനെ സ്വീകരിച്ചു. ഇടവകജനം മുഴുവനും അന്നേദിവസം സന്നിഹിതരായിരുന്നു.

**7. യാത്രയയപ്പ്**

ഗുജറാത്ത് റീജണിലെ നാലു വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം തിരുമാറാടി ഇടവകയിലേക്കു സ്ഥലം മാറിപ്പോകുന്ന ജയിംസ് മടിക്കാങ്കലച്ചന് റീജണിലെ വൈദികർ ഒന്നുചേർന്ന് യാത്രയയപ്പു നൽകി.

**മാർ ജോസഫ് കൊല്ലംപറമ്പിൽ**

(അഡ്മിനിസ്ട്രേറ്റർ, ഷംഷാബാദ് രൂപത &

സഹായമെത്രാൻ, ഗുജറാത്ത് റീജിയൺ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ജനുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ജനുവരി ആറാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രൂപത പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് സെക്രട്ടറി ഷൈനി ജോസഫ് കിണറ്റുകര റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. യോഗം ജനുവരി മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**കുഞ്ഞുമിഷണറി ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് സുവർണ്ണജൂബിലിസ്മാരകമായി പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 27-ാമത് അഖിലകേരള കുഞ്ഞു മിഷണറി ക്വിസ് മത്സരം 2024 ജനുവരി 7, 14 തീയതികളിൽ രണ്ടു ഘട്ടങ്ങളായി നടന്നു. ജനുവരി 7 ഞായറാഴ്ച രാത്രി 8.30-ന് Online ആയി നടത്തിയ ആദ്യഘട്ട മത്സരത്തിൽ 2072 പേർ പങ്കെടുത്തു. ഇതിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽനിന്ന് ആദ്യ അഞ്ചു സ്ഥാനങ്ങൾ നേടിയവർ ജനുവരി 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ട അവസാനഘട്ടമത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

*സമ്മാനാർഹരായവർ*

| | |
|---|---|
| 1st Prize | മാത്യൂസ് സാബു കാഞ്ഞിരത്തിങ്കൽ (കുറവിലങ്ങാട് ശാഖ) |
| II nd Prize | അന്ന മരിയ അഗസ്റ്റിൻ ഏരിമറ്റത്തിൽ (രാമപുരം ശാഖ) |
| III rd Prize | ജോസ്മിയ പി.വി. പുത്തേട്ട് (തീക്കോയി) |
| IV th Prize | സിയ മരിയ തോമസ് വാഴേപ്പറമ്പിൽ (കയ്യൂർ) |

*ക്ലാസ്സ് അടിസ്ഥാനത്തിൽ സമ്മാനാർഹരായവർ*

Class 5 ജോവന്ന ജിൻസ് കോലത്ത് (രാമപുരം)
Class 6 അഗസ്റ്റിൻ ബിനോയ് മുളന്തറവയലിൽ (രാമപുരം)
Class 7 ലിനിയ മരിയ മധു അഴാത്ത് (അരുവിത്തുറ)
Class 8 അൽഫോൻസിൻ ജോർജ് കലരുപാറ (തോടനാൽ)
Class 9 അമൽ ടോം കാനാട്ട് (അറക്കുളം ഓൾഡ്)
Class 10 എമിൽ ജോഷി കണ്ടത്തിൽ (തീക്കോയി)
Class 11 ലിസ് മരിയ തോമസ് പൈക്കാട്ട് (അരുവിത്തുറ)
Class 12 ടോം ചാൾസ് തടിക്കൽ (അരുവിത്തുറ)

**കൈയെഴുത്തുമാസിക**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ രൂപതാതല കൈയെഴുത്തുമാസിക തയ്യാറാക്കൽ മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. വിജയികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Ist | IInd | IIIrd |
|---|---|---|---|
| A വിഭാഗം | വാരിയാനിക്കാട് | കുറിഞ്ഞി | അറുന്നൂറ്റിമംഗലം |
| B വിഭാഗം | ളാലം ഓൾഡ് | പൈക വടകര | |
| C വിഭാഗം | അരുവിത്തുറ | രാമപുരം കുറവിലങ്ങാട് | |

**പോസ്റ്റർ രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പോസ്റ്റർ രചനാമത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. വിജയികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Ist | IInd | IIIrd |
|---|---|---|---|
| A വിഭാഗം | ഉരുളികുന്നം | വാരിയാനിക്കാട് | മറ്റത്തിപ്പാറ |
| B വിഭാഗം | കാഞ്ഞിരത്താനം | ളാലം ഓൾഡ് | കൂടല്ലൂർ |
| C വിഭാഗം | പാലാ കത്തീഡ്രൽ | രത്നഗിരി | ചേർപ്പുങ്കൽ |

**രൂപതാവാർഷികവും കൗൺസിലും**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത കൗൺസിലും വാർഷികവും 2024 ജനുവരി മാസം 28-ാം തീയതി ഞായറാഴ്ച പ്രവിത്താനം ശാഖയിൽ നടന്നു. രാവിലെ 9.15-ന് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി ആഘോഷങ്ങൾക്ക് ആരംഭംകുറിച്ചുകൊണ്ട് പതാക ഉയർത്തി. സപ്രാ പ്രാർത്ഥനയ്ക്കുശേഷം രാവിലെ 9:45 ന് അർപ്പിച്ച ആഘോഷമായ വി.കുർബാനയെത്തുടർന്ന് നടന്ന രൂപതാകൗൺസിലിൽ വിവിധ ശാഖകളിൽനിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 1:30 ന് നടന്ന വാർഷികസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. CML രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. CML രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**കുഞ്ഞുമിഷണറി മാസിക**

ജനുവരി മാസത്തിലെ കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻ ലീഗിന്റെയും വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.

**മേഖലാവാർത്തകൾ**

**ഇലഞ്ഞി മേഖല**

**രൂപതാസമിതിയുടെ സന്ദർശനം**

ജനുവരി 12 ന് ഇലഞ്ഞി മേഖലയിൽ രൂപതാസമിതി സന്ദർശനം നടത്തി. രൂപതാസമിതിയെ പ്രതിനിധീകരിച്ച് ശ്രീ സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ, അമൽ വാക്കാട്ടിൽ പുത്തൻപുര എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളുമായി സംസാരിച്ചു.

**മേഖല എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖലയുടെ ജനുവരി മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 12 ന് ചേർന്നു.

**ഭരണങ്ങാനം മേഖല**

**കുഞ്ഞേട്ടൻ ക്വിസ് മത്സരം**

സംഘടനയുടെ സ്ഥാപകനേതാവായ കുഞ്ഞേട്ടന്റെ സ്മരണാർത്ഥം തുടർച്ചയായ പതിനാലാമത്തെ വർഷവും മേഖലയുടെ ആഭിമുഖ്യത്തിൽ അഖില കേരള ക്വിസ് മത്സരം നടത്തി. 2023 ഡിസംബർ 29 രാവിലെ 10 മണിക്ക് നടത്തപ്പെട്ട മത്സരത്തിൽ കുട്ടികളെല്ലാവരും സജീവമായി പങ്കെടുത്തു.

**രൂപതാസമിതിയുടെ സന്ദർശനവും മേഖലാ എക്സിക്യൂട്ടീവും**

മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപതാസമിതി ഡിസംബർ 31 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് മേഖലയിൽ സന്ദർശനം നടത്തി. തുടർന്ന് മേഖലാ എക്സിക്യൂട്ടീവ് യോഗവും ചേരുകയുണ്ടായി.

**സംഭാവനക്കൂപ്പൺ**

മേഖലയുടെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനു വേണ്ടി നടത്തിയ സംഭാവനക്കൂപ്പൺ വിതരണത്തിൽ എല്ലാ ശാഖകളിൽ നിന്നുമുള്ള കുഞ്ഞുമിഷണറിമാർ സജീവമായി പങ്കെടുത്തു.

**അരുവിത്തുറ മേഖല**

**പോസ്റ്റർ രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചനാമത്സരം സംഘടിപ്പിക്കുകയുണ്ടായി. മത്സരത്തിൽ സി വിഭാഗത്തിൽ അരുവിത്തുറ ശാഖയും എ വിഭാഗത്തിൽ വാരിയാനിക്കാട് ശാഖയും വിജയികളായി.

**കൈയെഴുത്തുമാസിക മത്സരം**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൈയെഴുത്തു മാസിക തയ്യാറാക്കൽ മത്സരത്തിൽ സി വിഭാഗത്തിൽനിന്ന് അരുവിത്തുറ ശാഖയും എ വിഭാഗത്തിൽനിന്ന് വാരിയാനിക്കാട് ശാഖയും വിജയികളായി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**കെ.സി.എസ്.എൽ വാർഷികം**

2023-24 വർഷത്തെ കെ.സി.എസ്.എൽ. വാർഷികം ജനുവരി 5 വെള്ളിയാഴ്ച പാലാ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടത്തപ്പെട്ടു. മോൺ. ജോസഫ് തടത്തിൽ ഉദ്ഘാടനകർമം നിർവ്വഹിച്ചു സംസാരിച്ചു. ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ സ്വാഗതം

ആശംസിച്ചു. സ്റ്റുഡന്റ്സ് ചെയർമാൻ അലൻ എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ജിജോ മാത്യു റിപ്പോർട്ട് അവതരണം നടത്തി. പ്രിൻസിപ്പൽ റെജി മോൻ പി. മാത്യു, ഹെഡ്മാസ്റ്റർ റെജി സെബാസ്റ്റ്യൻ എന്നിവർ ആശംസാപ്രസംഗം നടത്തി. സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറി അന്ന ജോം കൃതജ്ഞത അർപ്പിച്ചു. കെ.സി.എസ്.എൽ ന്റെ ഒരു വർഷത്തെ മത്സരങ്ങളുടെ സമ്മാനവിതരണം അന്നേ ദിവസം നടത്തപ്പെട്ടു. സാഹിത്യോത്സവം, കലോത്സവം, സ്റ്റഡി സർക്കിൾ എന്നിവയുടെ ഓവറോൾ, അൽഫോൻസാ കളറിംഗ്, ഉപന്യാസരചനാ മത്സരം എന്നിവയുടെ സമ്മാനങ്ങൾ എന്നിവയാണ് അന്നേദിവസം വിതരണം നടത്തിയത്.

**ബൈബിൾ പ്രകാശനം**

കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27 ന് ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗത്തിലെ കുട്ടികൾ ഒരു മണിക്കൂർകൊണ്ട് എഴുതിയ സമ്പൂർണ്ണ ബൈബിൾ മോൺ. ജോസഫ് തടത്തിൽ ജനുവരി 5 നു നടന്ന കെ.സി. എസ്.എൽ. വാർഷികത്തിൽ പ്രകാശനം ചെയ്തു. 2000 കുട്ടികൾ ചേർന്നാണ് ബൈബിൾ എഴുതിയത്.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

സാഹിത്യരചനാമത്സരങ്ങൾ, കലോത്സവം, അൽഫോൻസാ കളറിംഗ് സ്കൂൾ തലം എന്നിവയുടെ സമ്മാനങ്ങൾ ജനുവരി 1 മുതൽ കെ.സി.എസ്.എൽ ഓഫീസിൽ വിതരണം നടത്തി.

**സ്റ്റേറ്റ് കലോത്സവം**

2023-24 വർഷത്തെ സ്റ്റേറ്റ് കലോത്സവം മാവേലിക്കര രൂപതയിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് 91 കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കി. പാലാ രൂപതയ്ക്ക് 4-ാം സ്ഥാനം ലഭിച്ചു.

**സമ്മാനാർഹരായവർ**

**എച്ച്.എസ്.എസ്. വിഭാഗം**

ഭക്തിഗാനം

ഫസ്റ്റ് - റോസ്മിൻ ജിൻസ്, സെന്റ് മേരീസ് എച്ച്.എസ്.എസ്. തീക്കോയി

പ്രസംഗം ഇംഗ്ലീഷ്

ഫസ്റ്റ് - ശ്രേയ മാത്യു, ഹോളിക്രോസ് എച്ച്.എസ്.എസ്, ചേർപ്പുങ്കൽ

കെ.സി.എസ്.എൽ. ആന്തം

ഫസ്റ്റ് - ഹോളിക്രോസ് എച്ച്.എസ്.എസ്., ചേർപ്പുങ്കൽ

പ്രസംഗം മലയാളം

സെക്കന്റ് - ഇവാൻ ജോബി, സെന്റ് മേരീസ് എച്ച്.എസ്.എസ്., ഭരണങ്ങാനം

**എച്ച്.എസ്. വിഭാഗം**

| | | |
|---|---|---|
| മാർഗ്ഗംകളി | - ഫസ്റ്റ് | - എസ്.എച്ച്.ജി.എച്ച്.എസ്, ഭരണങ്ങാനം |
| പരിചമുട്ടുകളി | - സെക്കന്റ് | - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം |
| ഭക്തിഗാനം | - തേർഡ് | - ജോസഫ് ജെയ്സൺ, സെന്റ് അഗസ്റ്റിൻ എച്ച്.എസ്, പെരിങ്ങളം |
| മോണോ ആക്ട് | - സെക്കന്റ് | - ജിൽസി ജോസഫ്, സെന്റ് മേരീസ് ജി. എച്ച്.എസ്.എസ്, പാലാ |
| പ്രസംഗം മലയാളം | - തേർഡ് | - എയ്ഞ്ചൽ മാത്യു, സെന്റ് ജോസഫ് എച്ച്.എസ്, മറ്റക്കര |

**യു.പി. വിഭാഗം**

പ്രസംഗം മലയാളം
ഫസ്റ്റ് - അമലു സോബി, സെന്റ് മേരീസ് എച്ച്.എസ്.എസ്. തീക്കോയി

മാർഗ്ഗംകളി
ഫസ്റ്റ് - എസ്.എച്ച്.ജി.എച്ച്.എസ്. ഭരണങ്ങാനം

കഥാപ്രസംഗം
സെക്കന്റ് - ആഷ്ന സജി, സീ വ്യൂ എസ്റ്റേറ്റ് പറത്താനം

ഭക്തിഗാനം
തേർഡ് - അനന്യ മരിയ മാത്യു, ഹോളിക്രോസ് എച്ച്.എസ്.എസ്. ചേർപ്പുങ്കൽ

കെ.സി.എസ്.എൽ. ആന്തം
തേർഡ് - എസ്.എച്ച്.ജി.എച്ച്.എസ്. ഭരണങ്ങാനം

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. 2023 പ്രവർത്തനവർഷ ഉദ്ഘാടനം**

പാലാ രൂപത യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ 2023 പ്രവർത്തനവർഷത്തെ വാർഷികം അൽഫോൻസാ കോളേജിൽ വച്ച് ജനുവരിമാസം രണ്ടാം തീയതി നടത്തപ്പെട്ടു. കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ സ്റ്റീഫൻ ചാലയ്ക്കലച്ചൻ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും, സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. പാലാരൂപതയിലെ A,B,C,D എന്നീ വിഭാഗങ്ങളിൽ മികച്ച A,B യൂണിറ്റുകളെ തിരഞ്ഞെടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**2. 2024 പ്രവർത്തനവർഷ ഇലക്ഷൻ**

2024 പ്രവർത്തനവർഷത്തിൽ യുവജനപ്രസ്ഥാനത്തെ നയിക്കാനുള്ളവരുടെ തിരഞ്ഞെടുപ്പ് ജനുവരി മാസം രണ്ടാം തീയതി അൽഫോൻസാ കോളേജിൽ

വച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് കീഴൂർ യൂണിറ്റംഗം ശ്രീ എഡ്വിൻ ജോസി, ജനറൽ സെക്രട്ടറി മണ്ണയ്ക്കനാട് യൂണിറ്റംഗം ശ്രീ മിജോ ജോയി, വൈസ് പ്രസിഡന്റ് പൂവരണി യൂണിറ്റംഗം കുമാരി റ്റിൻസി ബാബു, ഡെപ്യൂട്ടി പ്രസിഡന്റ് ഉള്ളനാട് യൂണിറ്റംഗം ശ്രീ മാർട്ടിൻ വി. രാജു, സെക്രട്ടറി വാരിയാനിക്കാട് യൂണിറ്റംഗം ശ്രീ ലിൻസെൻ ബ്ലസ്സൻ, ജോയിന്റ് സെക്രട്ടറി ഗാഗുൽത്താ യൂണിറ്റംഗം കുമാരി ബിൽനാ സിബി, ട്രഷറർ പാലാക്കാട് യൂണിറ്റംഗം ശ്രീ അൻവിൻ സോണി, കെ.സി.വൈ.എം. സ്റ്റേറ്റ് സിൻഡിക്കേറ്റായി കുറവിലങ്ങാട് യൂണിറ്റംഗം ശ്രീ ഡിബിൻ ഡോമിനിക്, വെള്ളികുളം യൂണിറ്റംഗം കുമാരി റിയാ തെരേസ് ജോർജ്, എസ്.എം.വൈ.എം. കൗൺസിലർസായി പാലാ കത്തീഡ്രൽ യൂണിറ്റംഗങ്ങളായ അഡ്വ. സാം സണ്ണി, പ്രതീക്ഷാരാജ് എന്നിവർ ഈ വർഷം പാലാ രൂപതയെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ടു.

**3. 2024 പ്രവർത്തനവർഷത്തെ പ്രഥമ സെനറ്റ്**

2024 പ്രവർത്തനവർഷത്തെ പ്രഥമ സെനറ്റ് അൽഫോൻസാ കോളേജിൽ വച്ചു ജനുവരി മാസം രണ്ടാം തീയതി നടത്തപ്പെട്ടു. നിയുക്ത പ്രസിഡന്റ് ശ്രീ എഡ്വിൻ ജോസിയുടെയും, ജനറൽ സെക്രട്ടറി ശ്രീ മിജോ ജോയിയുടെയും, വൈസ് പ്രസിഡന്റ് കുമാരി റ്റിൻസി ബാബുവിന്റെയും നേതൃത്വത്തിൽ സെറ്റ് നടത്തപ്പെട്ടു. മുന്നോട്ടുള്ള പ്രവർത്തനവർഷത്തെ കർമ്മപദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു.

**4. സംയുക്ത എക്സിക്യൂട്ടീവ്**

ജനുവരി മാസം രണ്ടാം തീയതി ഷാലോം പാസ്റ്ററൽ സെൻട്രൽ വച്ച് 2023 പ്രവർത്തനവർഷത്തെ ഭാരവാഹികളും, 2024 പ്രവർത്തനവർഷത്തെ ഭാരവാഹികളും സംയുക്തമായി എക്സിക്യൂട്ടീവ് കൂടി. തുടർന്നുള്ള പ്രവർത്തനവർഷത്തെ കർമപദ്ധതികളെപ്പറ്റി ഒരു അവലോകനവും നടത്തപ്പെട്ടു.

**5. എക്സിക്യൂട്ടീവ് മീറ്റിംഗ്**

2024 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ, ഡയറക്ടർ അച്ചന്റെ സാന്നിധ്യത്തിൽ ഷാലോം പാസ്റ്ററൽ സെൻട്രൽ മൂന്നാം തീയതി നടത്തപ്പെട്ടു.

**6. രാക്കുളിത്തിരുനാൾ ആചരണം (രൂപതാതലത്തിൽ)**

പാലാ രൂപതയുടെ ഭദ്രാസനദൈവാലയത്തിൽ അഞ്ചാം തീയതി നടത്തപ്പെട്ട സായാഹ്നപ്രാർത്ഥനയായ റംശയിലും രാക്കുളിത്തിരുനാളിലും പാലാ രൂപതയിലെ നിയുക്തഭാരവാഹികൾ പങ്കെടുത്തതു.

**7. രാക്കുളിത്തിരുനാൾ ആചരണം (യൂണിറ്റ് തലത്തിൽ)**

രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് പാലാ രൂപതയിലെ യുവജനപ്രസ്ഥാനങ്ങളുള്ള എല്ലാ ഇടവകകളിലും സായാഹ്നപ്രാർത്ഥനയായ റംശാ ചൊല്ലി പ്രാർത്ഥിക്കുവാൻ യൂണിറ്റുകളോട് രൂപതാസമിതി ആഹ്വാനം ചെയ്തു.

**8. യുവജനവർഷം ആരംഭം (യൂണിറ്റ് തലത്തിൽ)**

2023 ഡിസംബർ 23 മുതൽ 2024 ഡിസംബർ 23 വരെ പാലാ രൂപത യുവജന വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി, 07/01/2024 ഞായറാഴ്ച ഇടവകകളിൽ യുവജനവർഷ ആരംഭത്തോടനുബന്ധിച്ച് പതാക ഉയർത്താനും, യൂണിറ്റുകളുടെ ഈ പ്രവർത്തനവർഷത്തെ കർമ്മപദ്ധതി ആസൂത്രണം ചെയ്യാനും രൂപതസമിതി ആഹ്വാനം ചെയ്തു.

**9. 'VG' യോടൊപ്പം**

07/01/2023 ഞായറാഴ്ച പാലാ രൂപതയുടെ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചനോടൊപ്പം 2024 പ്രവർത്തനവർഷത്തെ ഭാരവാഹികൾ ബിഷപ്സ് ഹൗസിൽ ഒത്തുകൂടുകയും, ഈ വർഷത്തെ കർമ്മപദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

**10. രണ്ടാംഘട്ട എക്സിക്യൂട്ടീവ് മീറ്റിംഗ്**

13/01/2023 ശനിയാഴ്ച ഉച്ചകഴിഞ്ഞ് പാലാ രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ രണ്ടാംഘട്ട എക്സിക്യൂട്ടീവ് മീറ്റിംഗ് ഷാലോം പാസ്റ്ററൽ സെൻട്രൽ വച്ച് നടത്തപ്പെട്ടു. രൂപത എക്സിക്യൂട്ടീവിലേക്കു പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് കൗൺസിലേഴ്സിനു സ്വീകരണവും നൽകി.

**11. മീഡിയ പ്രവർത്തനങ്ങൾ**

2024 പ്രവർത്തനവർഷത്തെ മീഡിയ വിങ് രൂപീകരിക്കുകയും അതിലേക്കു താത്പര്യമുള്ള യുവജനങ്ങളെ ക്ഷണിക്കുകയും ചെയ്തു.

**12. യൂണിറ്റ് ഉദ്ഘാടനം ചെയ്തു**

മൂന്നിലവ് ഇടവകയിൽ എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ പുതിയ യൂണിറ്റ് പാലാ രൂപതഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്യുകയും, അന്നേദിവസം യുവജനങ്ങൾക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**13. കൃഷിയും യുവജനങ്ങളും**

പാലാ രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ 2024 പ്രവർത്തനവർഷത്തെ പ്രോജക്റ്റിന്റെ ഭാഗമായി പാലാ സോഷ്യൽ സൊസൈറ്റിയുടെ ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേലച്ചനുമായി കൃഷിയും യുവജനങ്ങളും എന്ന പ്രോജക്റ്റിനെ പറ്റി ചർച്ച നടത്തി.

**14. പ്രവർത്തനവർഷോദ്ഘാടനം**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ പ്രവർത്തന വർഷോദ്ഘാടനം പാലാ ഫൊറോനയുടെയും, കുടക്കച്ചിറ യൂണിറ്റിന്റെയും സഹകരണത്തോടെ ഇരുപത്തിയാറാം തീയതി വെള്ളിയാഴ്ച നടത്തപ്പെട്ടു. പാലാ രൂപതയുടെ ആദരണീയനായ പ്രോട്ടോ സിഞ്ചെുലസ് മോൺ. റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**15. കർമ്മരേഖപ്രകാശനം**

എസ്.എം.വൈ.എം - കെ.സി.വൈ.എം പാലാ രൂപതയുടെ യുവജന പ്രസ്ഥാനത്തിന്റെ 2024 പ്രവർത്തനവർഷത്തെ കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്ന കർമ്മരേഖ യുവജനങ്ങളുടെ സാന്നിധ്യത്തിൽ ജനുവരി മാസം 26-ാം തീയതി പ്രകാശനം ചെയ്തു.

**16. ആദരിക്കൽ**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ യുവജന പ്രസ്ഥാനത്തെ 2023 പ്രവർത്തനവർഷത്തിൽ സുത്യർഹമായ സേവനത്തിലൂടെ മുന്നോട്ടു നയിച്ച ഭാരവാഹികളെ 2024 പ്രവർത്തകസമിതി ആദരിച്ചു.

**17. പ്രൊജക്റ്റ് അവതരണം**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാരൂപതയുടെ യുവജന പ്രസ്ഥാനത്തിന്റെ 2024 പ്രവർത്തനവർഷത്തെ കർമ്മപദ്ധതികളുടെ പ്രൊജക്റ്റ് 'കരുത്തായി കരുതലായി നസ്രാണി യുവത്വം' എന്നത് അവതരിപ്പിച്ചു. ഈ പ്രോജക്റ്റിന്റെ പ്രധാനമേഖലകളായ '1.1. പാലാ രൂപതയും വിശുദ്ധരും, 1.2. കൃഷിയും, യുവജനങ്ങളും, 1.3. സ്പിരിച്വൽ ബൊക്കെ, 1.4. രൂപതയും, രൂപതയിലെ വിവിധ കോളേജുകളും, കോളേജുകളിലെ വിവിധ കോഴ്സുകളും'എന്നീ പ്രധാന വിഭാഗങ്ങളെപ്പറ്റിയും യുവജനങ്ങൾക്കു വിവരിച്ചു നൽകുകയും ചെയ്തു.

**18. സമ്മാനങ്ങൾ നൽകി**

2023 പ്രവർത്തനവർഷത്തിൽ നടത്തപ്പെട്ട സുറിയാനി പാട്ടുമത്സരങ്ങളുടെ സമ്മാനം ജനുവരി 26 തീയതി നൽകപ്പെട്ടു.

1st : PDMA കുവൈറ്റ്
2nd : കുറവിലങ്ങാട്
3rd : വാരിയാനിക്കാട്

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**സോണൽ ഗാതറിങ്**

ജീസസ് യൂത്ത് പാലാ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവച്ച് രാത്രി 7:00 മണിമുതൽ നടത്തപ്പെട്ടു. പല പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒന്നുചേർന്ന ഈ കൂട്ടായ്മ ഏറെ ഹൃദ്യമായിരുന്നു. വചനം വായിക്കുകയും കൂട്ടായ്മകളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.

**സെക്കന്റ് സാറ്റർഡേ ഗാതറിങ്**

ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വതിൽ AVIV എന്ന പേരിൽ പാലാ അൽഫോൻസ കോളേജിൽ വെച്ച് സെക്കന്റ് സാറ്റർഡേ ഗാതറിങ്ങ് നടത്തപ്പെട്ടു. 30 ഓളം ടീൻസ് പങ്കെടുത്തു. ഫാ. ടോണി ചൊവ്വേലിൽക്കുടിയിൽ

വി. കുർബാനയർപ്പിച്ചു പ്രാർത്ഥിക്കുകയും മുഴുവൻസമയം കൂടെയായിരിക്കുകയും ചെയ്തു. നാല്പതോളം അംഗങ്ങൾ അവിടെ ഉണ്ടായിരുന്നു.

**കോർ ടീം ഗാതറിങ്**

2024 ജനുവരി 20, 21 തീയതികളിൽ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാന കേന്ദ്രത്തിൽവച്ച് പാലാ സോണിലെ കോളേജുകളിൽനിന്ന് കോർ ടീമിന്റെ ഗാതറിങ്ങ് നടത്തപ്പെട്ടു. ക്യാമ്പസ് ടീമിന്റെ ആനിമേറ്റർ സി. മരിയോണ സി.എം.സി. മുഴുവൻസമയവും കൂടെയുണ്ടായിരുന്നു.

**ഏകദിനധ്യാനം**

മല്ലികശേരി സെന്റ് ഡോമിനിക് സാവിയോ സ്കൂളിൽ 2024 ജനുവരി 22 ന് ഏകദിനധ്യാനം നടത്തപ്പെട്ടു. നാല്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഓൺലൈൻ പ്രയർ മീറ്റിങ്**

2024 ജനുവരി 5 മുതൽ എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 8:30 മുതൽ 10:30 വരെ സൂമിൽ പാലാ സോണിലെ വിവിധ ഇടങ്ങളിൽ ഉള്ളവർക്കായി ഒരു ഓൺ ലൈൻ പ്രയർ മീറ്റിങ് നടത്തപ്പെടുന്നു. ഫാദർ ടോണി ചൊവ്വേലിക്കുടിൽ, സി. ലിസ്മരിയ സി.എം.സി. തുടങ്ങിയവർ ആത്മീയമായി നേതൃത്വം നൽകി.

**അധ്യാപകരുടെ കൂട്ടായ്മ**

2024 ജനുവരി 14 ന് ഓൺലൈനായി ജീസസ് യൂത്ത് പാലാ പ്രൊഫഷണൽ ടീമിന്റെ നേതൃത്വത്തിൽ അധ്യാപക - അധ്യാപകവിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മ നടത്തപ്പെട്ടു പന്ത്രണ്ടു പേർ പങ്കെടുത്തു. ഫാ. മാത്യു എണ്ണക്കാപ്പള്ളിയിൽ ആശംസകളേകുകയും സംസാരിക്കുകയും ചെയ്തു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**നൈറ്റ് വിജിൽ**

2024 ജനുവരി 5 ന് വൈകിട്ട് 7:00 മണി മുതൽ അൽഫോൻസ കോളജ് പാലായിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. സി. റെജിൻ എസ്.എ.ബി.എസ് ജീസസ് യൂത്ത് അംഗങ്ങളോടൊപ്പം ആരാധനയിൽ പങ്കെടുത്തു.

**ഹൗസ്ഹോൾഡ്**

2024 ജനുവരി 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. ഇരുപതോളം ആളുകൾ പങ്കെടുത്തു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 02/01/2024 രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ഡയറക്ടർ ഫാ. ജേക്കബ് വെള്ള മരുതുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി. 24/02/2024, 2 pm ന് കുടുംബക്കൂട്ടായ്മ വാർഷികം നടത്താൻ തീരുമാനിച്ചു.

2. അടുത്തവർഷംമുതൽ ആരാധനാക്രമകലണ്ടർ അനുസരിച്ച് കുടുംബ ക്കൂട്ടായ്മപ്രവർത്തനവർഷം ഡിസംബർ ഒന്നുമുതൽ നവംബർ 30 വരെ ആക്കി പുനഃക്രമീകരിക്കാൻ തീരുമാനിച്ചു.

3. 03/1/2024 ൽ രൂപത കൗൺസിൽകൂടി 24/2/24 നടത്തുന്ന വാർഷികം കാര്യക്ഷമമാക്കുന്നതിന് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

4. ഏറ്റവും നല്ല ഇടവകക്കൂട്ടായ്മയെ തിരഞ്ഞെടുക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കാനുള്ള ഫോറവും നോട്ടീസും എല്ലാ ഇടവകകൾക്കും നൽകി.

5. സഭാനവീകരണവർഷപ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബക്കൂട്ടായ്മ രൂപതാനേതൃത്വത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ബൈബിൾപാരായണത്തിൽ 50 നോമ്പ് കാലത്ത് എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി അഖണ്ഡബൈബിൾ പാരായണം (വ്യക്തിഗതം)നടത്താൻ തീരുമാനിച്ചു.

6. ഉള്ളനാട് ഇടവക തയ്യാറാക്കിയ സമ്പൂർണ്ണ ബൈബിൾ കൈയെഴുത്തു പ്രതി/ഡയറക്ടർ ഫാ.ജേക്കബ് വെള്ളമരുതുങ്കൽ വികാരി റവ.ഫാ. മാത്യു മതിലകത്തിനു നൽകി പ്രകാശനം ചെയ്തു. കുടുംബക്കൂട്ടായ്മ രൂപത ഇടവക ഭാരവാഹികൾ തദവസരത്തിൽ സന്നിഹിതരായിരുന്നു.

7. 8/01/2024 ൽ കടപ്ലാമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മയുടെ വാർഷിക ത്തിലും ഇടവകദിനത്തിലും ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സന്ദേശം നൽകി.

8. കാവുംകണ്ടം ഇടവകയിലെ വാർഷികത്തിലും ഇടവകദിനത്തിലും ഡയറക്ടർ ജേക്കബ് വെള്ളമരുതുങ്കലച്ചൻ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാസെക്രട്ടറി ശ്രീ ബാബു പോൾ പെരിയപ്പുറം ആശംസകൾ നേരുകയും ചെയ്തു

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജനുവരി 13-15** തീയതിയിലെ വിവാഹ ഒരുക്കസെമിനാറിൽ 142 പേർ സംബ ന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഫെബ്രുവരി 9–11, മാർച്ച് 7–9, 25–27, ഏപ്രിൽ 8–10, 22–24** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജനുവരിമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 217 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

## B. പിതൃവേദി

**1. യൂണിറ്റ് സന്ദർശനം**

മികച്ച യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തി. ജനുവരി 18–ാം തീയതി വ്യാഴാഴ്ച 9 മണിക്ക് കാവുകണ്ടം, 10 മണിക്ക് ഉള്ളനാട്, 11.15 ന് മീനച്ചിൽ, 12.30 ന് അരുണാപുരം, ഉച്ചകഴിഞ്ഞ് 2 മണിക്ക് മണ്ണാറപ്പാറ എന്നീ യൂണിറ്റുകളിലും 19–ാം തീയതി വെള്ളിയാഴ്ച രാവിലെ 9.45 ന് തീക്കോയി, 10.45 ന് അരുവിത്തുറ, 12 ന് രാമപുരം യൂണിറ്റുകളിലും രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശനം നടത്തി.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ജനുവരി 4–ാം തീയതി അരുവിത്തുറയിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് കൂടുകയും രൂപതാവാർഷികത്തെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തു.

**3. രൂപതാസമിതി**

ജനുവരി 25–ാം വ്യാഴാഴ്ച തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാസമിതി കൂടുകയും പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപതാഭാരവാഹികളും ചേർന്ന് ചർച്ച നടത്തുകയും ചെയ്തു.

**4. രൂപതാവാർഷികം**

ജനുവരി 28–ാം തീയതി പിതൃവേദി രൂപതാവാർഷികം അരുവിത്തുറ ഫെറോനയിൽവച്ചു നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ. ജോസഫ് വടക്കേൽ അദ്ധ്യക്ഷത വഹിച്ച വാർഷികം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ചു. തദവസരത്തിൽ മികച്ച യൂണിറ്റുകൾക്കുള്ള സമ്മാനദാനം വിതരണം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപതാസമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട വാർഷികത്തിൽ വിവിധ യൂണിറ്റുകളിൽനിന്നുമായി അറുനൂറോളം പിതാക്കൻമാർ പരിപാടിയിൽ പങ്കെടുത്തു.

## C. മാതൃവേദി

### 1. എക്സിക്യൂട്ടീവ് മീറ്റിങ്

ജനുവരി 5-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

### 2. യൂണിറ്റുസന്ദർശനം

ജനുവരി 7-ാം തീയതി കാളികാവ്, 21-ാം തീയതി വാഗമൺ എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തി. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപതാഭാരവാഹികളും ചേർന്ന് യൂണിറ്റുപ്രവർത്തനം വിലയിരുത്തുകയും കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

### 3. പുതിയ യൂണിറ്റ്

ജനുവരി 11-ാം തീയതി ജോസ്ഗിരി ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും പ്രസിഡന്റ് സിജി ലൂക്ക്സൺ, സെക്രട്ടറി ഷേർളി ചെറിയാൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### 4. പുതുവർഷാഘോഷം

ജനുവരി 16-ാം തീയതി 12.30 ന് മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ പുതുവർഷത്തോടനുബന്ധിച്ച് ഷലോം പാസ്റ്ററൽ സെന്ററിലെ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഉച്ചഭക്ഷണം നൽകി പുതുവർഷാഘോഷം നടത്തി.

### 5. തീർത്ഥാടനം

ജനുവരി 30-ാം തീയതി മാതൃവേദിയുടെ നേതൃത്വത്തിൽ കോക്കമംഗലം, തങ്കി, പൂക്കാവ്, അർത്തുങ്കൽ പള്ളികളിലേക്കു തീർത്ഥാടനം നടത്തി.

## D. പ്രോലൈഫ്

### 1. മീറ്റിങ്

ജനുവരി 28-ാം തീയതി ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതസമിതി കൂടുകയും കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ് ഓൺലൈനായി ജനുവരി 12-ാം തീയതി മീറ്റിങ് നടത്തി. മാട്രിമണിയുടെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു വിശകലനം ചെയ്യുകയും ചെയ്തു.

**3. ഇടവകസന്ദർശനം**

ജനുവരി 7-ാം തീയതി രാവിലെ 10 ന് കുന്നോന്നി, 8-ാം തീയതി രാവിലെ 10 മണിക്ക് മൂലമറ്റം, 9-ാം തീയതി മൂലമറ്റം ഫെറോനയിലും, 25-ാം തീയതി പ്രവിത്താനം ഫെറോനയിലും മാസധ്യാനത്തിൽ പങ്കെടുത്ത് നമ്മുടെ ഇടവകയിലെ യുവതീയുവാക്കൻമാർക്ക് വിവാഹജീവതത്തിലേക്കു പ്രവേശിക്കുവാൻ സീറോ മലബാർ സഭ പുതിയതായി ഒരുക്കിയിരിക്കുന്ന സീറോ മലബാർ മാട്രിമോണി സൈറ്റിനെക്കുറിച്ചു വിവരിച്ചു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048.**

**G. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ജനുവരിമാസത്തിൽ പാലാ കത്തീഡ്രൽ ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**അടുക്കളത്തോട്ടം 2023 – സമ്മാനാർഹരെ ആദരിക്കൽ**

ഒമ്പതാമത് അടുക്കളത്തോട്ടം 2023 മത്സരത്തിൽ വിജയികളെ ആദരിച്ച് 2024 ജനുവരി 14-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് രാമപുരം മാർ ആഗസ്തീനോസ് പാരിഷ് ഹാളിൽ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാ

ടനം ചെയ്തു. സമ്മാനാർഹരായവർക്ക് മെമന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സഭാതാരം ജോൺ കച്ചിറമറ്റം, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ റ്റോമി കണ്ണീറ്റുമ്യാലിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, സാജ് അലക്സ്, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു എന്നിവർ പ്രസംഗിച്ചു. മത്സരത്തിൽ കർഷകശ്രേഷ്ഠപുരസ്കാരം ബീന മാത്യു വെട്ടിക്കത്തടം, കാഞ്ഞിരത്താനം കരസ്ഥമാക്കി. എബിച്ചൻ തെങ്ങുംപള്ളി, പയസ് മൗണ്ട്, ഐലിൻ & എമിലിൻ ഇഞ്ചനാനി രാമപുരം, ജോർജുകുട്ടി മുണ്ടുമൂഴിക്കര കോതനല്ലൂർ, മോളി ജോർജ് ഇടക്കരോട്ട് കടനാട് എന്നിവർ 2 മുതൽ 5 വരെ സമ്മാനങ്ങൾ നേടി. സ്പെഷ്യൽ ജൂറി അവാർഡുകൾ മാത്യു ജോസഫ് കുഴിപറമ്പിൽ കോതനല്ലൂർ, അന്നക്കുട്ടി മാത്യു പട്ടാംകുളത്ത് രാമപുരം എന്നിവർ കരസ്ഥമാക്കി.

മേരി സെബാസ്റ്റ്യൻ തേനാശ്ശേരി, കുറവിലങ്ങാട്ട്,
ആൽബിൻ മാത്യു കുന്നപ്പള്ളിൽ, പെരിങ്ങുളം,
സൊമിനിത ജോസഫ്, മഠത്തിപ്പറമ്പിൽ, നീലൂർ
മാത്യു സി.സി. ചുള്ളിക്കൽ, കൂട്ടിക്കൽ
നോസി ഡൊമിനിക് കാടൻകാവിൽ, വേലത്തുശ്ശേരി
പി.എം. ജോസഫ് പടിഞ്ഞാറെക്കുറ്റ്, കയ്യൂർ
ജ്യോതി ജോസ് കുറ്റനാൽ, മരങ്ങാട്ടുപിള്ളി
ജോസ് തോമസ് കക്കാംപറമ്പിൽ, കൈപ്പള്ളി
മാത്യു പാറേക്കാട്ട്, തീക്കോയി
റോസമ്മ ജോസഫ് ഏടാട്ട്, മലയിഞ്ചിപ്പാറ
ലൈസമ്മ വട്ടക്കുന്നേൽ, രാമപുരം എന്നിവർ പ്രോത്സാഹനസമ്മാനങ്ങൾ നേടി.

കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിന്റെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് മത്സരത്തിന് നേതൃത്വം വഹിച്ചത്.

**പുസ്തകപ്രകാശനം**

സഭാ താരം ജോൺ കച്ചിറമറ്റം എഴുതിയ കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സാജു അലക്സ് തെങ്ങുംപള്ളിക്ക് നല്കി പ്രകാശനം ചെയ്തു. മൂന്നു വാല്യങ്ങളായിട്ടാണ് ചരിത്രം രചിച്ചിരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രം കേരളത്തിന്റെ ചരിത്രംകൂടിയാണ് എന്ന് പിതാവ് ഓർമ്മിപ്പിച്ചു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. സഭാതാരം ജോൺ കച്ചിറമറ്റം സകുടുംബം പ്രകാശനച്ചടങ്ങിൽ സംബന്ധിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, റ്റോമി കണ്ണീറ്റുമ്യാലിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**നവവൈദികർക്കു സ്വീകരണം**

പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം അഭിഷിക്തരായ നവവൈദികർക്ക് രൂപതാസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നല്കി. പ്രസിഡന്റ് എമ്മാനുവൽ

നിധീരി അധ്യക്ഷതവഹിച്ച് വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, ജോസി വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, എം.എം. ജേക്കബ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു, ഫ്രാൻസീസ് കരിമ്പാനി തുടങ്ങിയവർ സംസാരിച്ചു. നവവൈദികർക്ക് രൂപതാസമിതിയുടെ സമ്മാനങ്ങൾ നൽകി.

**സംഘടനാതിരഞ്ഞെടുപ്പ്**

2024–27 വർഷത്തെ സംഘടനാഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാനം പുറത്തിറക്കി. 2024 ജനുവരി 21 മുതൽ അംഗത്വവിതരണം, അംഗത്വം പുതുക്കൽ, പുതിയ ശാഖകൾ ചേർക്കൽ തുടങ്ങിയവ ആരംഭിക്കണം.

**കേന്ദ്ര ഇലക്ഷൻ ബോർഡ്**

1. അഡ്വ. ബോബി ജോർജ്, മണ്ണാപ്പറമ്പിൽ തൊടുപുഴ
2. അഡ്വ. ജോൺസൺ മാത്യു വീട്ടിയാങ്കൽ, പാലാ
3. അഡ്വ.സോജൻ മൈക്കിൾ എറണാകുളം

**പാലാ രൂപതാ ഇലക്ഷൻ ബോർഡ്**

1. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ
2. അഡ്വ. ഷാജി സി.ജെ. ചാത്തനാട്ട്

വിശദവിവരങ്ങൾ തുടർന്നു നല്കുന്നതാണ്.

**കുടുംബസംഗമം**

കത്തോലിക്കാ കോൺഗ്രസ് ഏഴാച്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബസംഗമം നടത്തി. വെരി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബിനോയ് പള്ളത്ത് അധ്യക്ഷത വഹിച്ചു. റവ.ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി, ജോസ് വട്ടുകുളം, സാജു അലക്സ്, ജോർജുകുട്ടി കരിഞ്ഞോഴയ്ക്കൽ, അജോ തുണങ്കൽ, റെജി സിറിയക് പള്ളത്ത് തുടങ്ങിയവർ സംസാരിച്ചു. കുടുംബാംഗങ്ങളുടെ കലാപരിപാടികലും സ്നേഹവിരുന്നും നടത്തി. നവദമ്പതികൾക്കു സമ്മാനങ്ങൾ നല്കി. കർഷക മിത്ര അവാർഡും വിതരണം ചെയ്തു.

**ഊട്ടുനേർച്ച നടത്തി**

കടനാട് ഫൊറോനാപ്പള്ളിയിലെ വി. സെബസ്ത്യാനോസിന്റെ ദർശനത്തിരുനാളിന്റെ സമാപനത്തിൽ കടനാട് യൂണിറ്റ് കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളുടെ നേതൃത്വത്തിൽ അയ്യായിരത്തോളം പേർക്ക് ഊട്ടുനേർച്ച തയ്യാറാക്കി നൽകി. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, യൂണിറ്റ്, ഫൊറോനാ ഭാരവാഹികളായ ജിമ്മി ചീങ്കല്ലേൽ, ജോസ് നടുവിലേക്കുറ്റ്, ബിനു വള്ളോംപുരയിടം, റവ.ഫാ. ഐസക് പെരുങ്ങാമലയിൽ, തോമസ് കാവുംപുറം തുടങ്ങിയവർ നേതൃത്വം നല്കി.

**നേത്രപരിശോധനാക്യാമ്പ്**

ചെമ്പിളാവ് യൂണിറ്റിന്റെ നേതൃത്വത്തിൽ നേത്രപരിശോധനാക്യാമ്പ് നടത്തി. സെന്റ് ജോർജ് കണ്ണാശുപത്രി പാലാ, ന്യൂവിഷൻ കണ്ണാശുപത്രി മുണ്ടക്കയം

എന്നിവിടങ്ങളിലെ ഡോക്ടർമാർ പരിശോധനകൾ നടത്തി ചികിത്സയ്ക്ക് നേതൃത്വം നല്കി. റവ. ഫാ. ജെയിംസ് കൊച്ചയ്യങ്കനാൽ ഉദ്ഘാടനം ചെയ്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ക്രിസ്തുമസ് ആഘോഷവും കരോൾഗാനമത്സരങ്ങളും**

പാലാ സോഷ്യൽവെൽഫെയർ സൊസൈറ്റിയോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങൾ, കർഷകദള ഫെഡറേഷനുകൾ എന്നിവയിൽ വിപുലമായ രീതിയിൽ ക്രിസ്തുമസ് ആഘോഷങ്ങളും കരോൾഗാനമത്സരങ്ങളും നടത്തി. 17 സോണുകളിലും വ്യത്യസ്തങ്ങളായ ക്രിസ്തുമസ് പ്രോഗ്രാമുകൾ ഉണ്ടായിരുന്നു. വിജയികളായവർക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.

**കേക്കുമേള**

മുട്ടുചിറ സ്വാശ്രയസംഘം, വാകക്കാട് സ്വാശ്രയസംഘം, തീക്കോയി സോൺ, മണ്ണാറപ്പാറ സ്വാശ്രയസംഘം, ഉള്ളനാട് എസ്.എസ്, മംഗളഗിരി എസ്.എസ്, കാക്കൂർ എസ്.എസ്, പെരിയപ്പുറം തുടങ്ങി ഒട്ടനവധി സംഘങ്ങൾ വരുമാനദായകസംരംഭം എന്ന നിലയിൽ കേക്കുമേളകൾ സംഘടിപ്പിച്ചു.

**പാലാ അഗ്രിമ സെൻട്രൽ നഴ്സറി, മുണ്ടുപാലം**

രണ്ടേക്കറോളം സ്ഥലത്ത് ജൈവവളം മാത്രം ഉപയോഗിച്ചു നടത്തിയ പച്ചക്കറിക്കൃഷിയുടെ വിളവെടുപ്പുമഹോത്സവം നടത്തി. ആയിരത്തോളം കിലോ പാവയ്ക്ക അഗ്രിമ മാർക്കറ്റുവഴിയും മഠങ്ങളിലും സ്വാശ്രയസംഘങ്ങളിലും വിൽപ്പന നടത്തി. കോവയ്ക്ക, വെണ്ടയ്ക്ക, പച്ചമുളക് എന്നിവ വിളവെടുപ്പു നടന്നുകൊണ്ടിരിക്കുന്നു.

**ക്യാൻസർ ചികിത്സാസഹായം**

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ചു വിവിധ ഗ്രൂപ്പുകൾ ക്യാൻസർ ബാധിതരായ ഗ്രൂപ്പംഗങ്ങൾക്കും അടുത്ത കുടുംബാംഗത്തിനും ചികിത്സാസഹായം വിതരണം ചെയ്തു.

PSWS പാലാ, രാമപുരം സോണുകളിലെ നാലുപേർക്ക് ചികിത്സാസഹായം നല്കി. ബിരിയാണി ചലഞ്ച്, ഐസ്ക്രീം ചലഞ്ച് എന്നിവ മുഖേനയാണ് ഫണ്ട് സ്വരൂപിച്ചത്.

**ഷോർട്ട് ഫിലിം മത്സരം**

രൂപതയിലെ സ്കൂൾകുട്ടികൾക്കും അധ്യാപകർക്കുമായി ജലജീവൻ മിഷന്റെ സഹകരണത്തോടെ ജലത്തിന്റെ പ്രാധാന്യവും അമൂല്യതയും ഉദ്ബോധിപ്പിക്കുന്ന സന്ദേശമാണ് മത്സരവിഷയം. കുട്ടികളിൽ ജല അവബോധം സൃഷ്ടിക്കുകയാണു മത്സരത്തിന്റെ ലക്ഷ്യം.

**സമൂഹ ചുവർചിത്രരചന**

ലഹരിവിമുക്ത പരിസ്ഥിതി സൗഹൃദസമൂഹം എന്ന ആശയം മുൻനിർത്തി പാലാ കെ.എം. മാണി സ്മാരക ഗവണ്മെന്റ് ജനറൽ ആശുപത്രിയുടെ മതിലുകളിൽ ചുവർചിത്രരചനാപരിപാടി സംഘടിപ്പിച്ചു. പാലാ നഗരസഭ, ആശുപത്രി വികസനസമിതി, പാലാ സെന്റ് തോമസ് കോളേജ് ഓഫ് എഡ്യൂക്കേഷൻ എൻ. എസ്.എസ്. യൂണിറ്റിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

**മൂഴൂർ കാർഷികമേള**

മൂഴൂർ സെന്റ് മേരീസ് പള്ളിയിലെ കർഷകദളഫെഡറേഷൻ, സ്വാശ്രയസംഘം, എ.കെ.സി.സി, വിൻസെന്റ് ഡി പോൾ സൊസൈറ്റി, എസ്.എം.വൈ.എം, ഇൻഫാം, ഡി.സി.എം.എസ്, പിതൃവേദി, ഫ്രാൻസിസ്കൻ അല്മായസഭ, മാതൃവേദി എന്നീ സംഘടനകളുടെ നേതൃത്വത്തിൽ PSWS സഹകരണത്തോടെ 5–ാമത് മൂഴൂർ കർഷകമേള സംഘടിപ്പിച്ചു. മേളയുടെ ഭാഗമായി കർഷകസംവാദം, മുതിർന്നവരുടെയും യുവജനങ്ങളുടെയും സമ്മേളനങ്ങൾ ആരോഗ്യപരിപാലന ക്ലാസ്സുകൾ, സേവന-പ്രദർശന വിപണനസ്റ്റാളുകൾ തുടങ്ങിയവയും ഒരുക്കിയിരുന്നു.

**ഐസ്ക്രീം ചലഞ്ച്**

കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഐസ്ക്രീം ചലഞ്ച് നടത്തി. രാമപുരം ഫൊറോനയിലെ സ്വാശ്രയസംഘം / കർഷകഫെഡറേഷൻ, SHY കളുടെ നേതൃത്വത്തിൽ മലനാട് ഡവലപ്മെന്റ് സൊസൈറ്റിയുമായി സഹകരിച്ചു ഫൊറോനായിലെ വിവധ ഇടവകകളിലാണ് ചലഞ്ച് നടത്തിയത്. ഐസ്ക്രീം വില്പനയിൽനിന്നു ലഭിക്കുന്ന സാമ്പത്തികലാഭം ക്യാൻസർ രോഗികൾക്കായാണ് ഫണ്ട് സ്വരൂപിക്കുന്നത്.

**സജീവം- ലഹരി വിരുദ്ധയജ്ഞം**

കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും സംയുക്തസഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മൂഴൂർ സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചു നടത്തിയ കർഷകമേളയിൽ ഇടവകയിലെ യുവജനങ്ങൾക്കായി ലഹരിവിരുദ്ധബോധന സെമിനാർ നടത്തി. നെടുംകുന്നം ഗവ. ഹയർസെക്കൻഡറി സ്കൂളിലെ കൗൺസിലർ ശ്രീമതി മീര ബി ക്ലാസു നയിച്ചു.

**മുട്ടക്കോഴിവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് ബി.വി. 380 ഇനത്തിൽപ്പെട്ട 65 ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, ടർക്കി, ഗിനി കുഞ്ഞുങ്ങളുടെയും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി. ആയിരത്തോളം കുഞ്ഞുങ്ങളെയാണ് സാധാരണക്കാരുടെ വരുമാനദായകപദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തത്. കോഴി കൂടുതൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

**തേനീച്ച കർഷക സംഗമം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ പ്രമോട്ടുചെയ്യുന്ന പാലാ ഹരിതം കർഷക ഉത്പാദക കമ്പനി ഈ രംഗത്ത് കർഷകർക്കു പ്രതീക്ഷയേകുന്ന പ്രവർത്തനങ്ങളുമായി രണ്ടാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. പാലാ അഗ്രിമ കർഷകമാർക്കറ്റ് ഹാളിൽ ഏകദിന പരിശീലനം ജനുവരി 31 ന് സംഘടിപ്പിക്കുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ഉദ്യോഗസ്ഥസമ്മേളനം**

2023 ഡിസംബർ 9 ശനിയാഴ്ച പാലാ കത്തീഡ്രൽ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 1.30 ന് രൂപതയിലെ DCMS സംഘടനാംഗങ്ങളായ അധ്യാപക-അനധ്യാപകസംഗമം നടത്തുകയുണ്ടായി. DCMS രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റിന്റെ അധ്യക്ഷതയിൽ ചേർന്നു. യോഗം പാലാ രൂപതാ കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബർക്കുമൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ രൂപതയിലെ നൂറ്റമ്പതോളം അധ്യാപക-അനധ്യാപകർ പങ്കെടുത്തു.

**SDVS സ്കോളർഷിപ്പു വിതരണം**

സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി ദളിത് കത്തോലിക്കാ കുട്ടികൾക്കായി നല്കുന്ന SDVS സ്കോളർഷിപ്പു വിതരണം 2024 ജനുവരി 22 തിങ്കളാഴ്ച രാവിലെ 10. 30 നു പാലാ ബിഷപ്സ് ഹൗസിൽ വെച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം നടത്തുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കെക്കുറ്റ്, രൂപതാ പ്രസിഡന്റ് ബിനോയ് ജോൺ, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ സന്നിഹിതരായിരുന്നു.

**ഉദ്യോഗസ്ഥ കൺവീനേഴ്സ് മീറ്റിംഗ്**

രൂപതയിലെ ഉദ്യോഗസ്ഥ കൂട്ടായ്മ ശക്തമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ മുന്നോടിയായുള്ള കൺവീനേഴ്സ് മീറ്റിംഗ് 2024 ജനുവരി 7, ജനുവരി 14 എന്നീ ദിവസങ്ങളിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുകയുണ്ടായി. രൂപതാ പ്രസിഡന്റ് ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി, രൂപതാ ഓർഗനൈസർ ബേബി ആന്റണി, കൺവീനേഴ്സായ ശ്രീമതി ബീനാ ബിനോ, ശ്രീമതി ബിജി ജോസഫ്, ശ്രീമതി റ്റിൻജിമോൾ തോമസ്, ശ്രീമതി സീന റ്റി. എ., ശ്രീ സദീപ് കെ.പി., ശ്രീ നോബിൾ സാബു, ആൽവിൻ മാത്യു എന്നിവരും സന്നിഹിതരായിരുന്നു.

**രൂപതാ കമ്മിറ്റി**

2024 വർഷത്തിലെ രൂപതയിലെ ആദ്യ DCMS രൂപതാ കമ്മിറ്റി 2024 ജനുവരി 14 ഞായറാഴ്ച രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശവും നിർദേശങ്ങളും നല്കി. റിപ്പോർട്ട്, കണക്ക് അവതരണം എന്നിവ കൂടാതെ DCMS സപ്തതി ആഘോഷത്തിനു മുന്നോടിയായി സഭാനവീകരണത്തിന്റെയും, സമുദായശാക്തീകരണത്തിന്റെയും ഭാഗമായുള്ള വിവിധ കർമ്മപദ്ധതികളെക്കുറിച്ചുള്ള ചർച്ച ചെയ്തുവേണ്ട തീരുമാനങ്ങളെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

1. സ്പെഷ്യൽ സ്കൂൾ എക്സിക്യൂട്ടീവ് മീറ്റിങ് ബഹു. സി. റീബാ എഫ്.സി. സി. യുടെ അധ്യക്ഷതയിൽ ഷലോം പാസ്റ്ററൽ സെന്ററിൽ കൂടി.

2. ഓൾഡ് ഏജ് ഹോം എക്സിക്യൂട്ടീവ് മീറ്റിംഗ് ബഹു. സി. ആൻ ജോ എസ്. എം.എസ് -ന്റെ അധ്യക്ഷതയിൽ ശാലോം പാസ്റ്ററൽ സെന്ററിൽ കൂടി.

3. സൈക്കോ സോഷ്യർ റിഹാബിലിറ്റേഷൻ സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ബഹു.സി. ട്രീസ ഒ.എഫ്.എം- ന്റെ അധ്യക്ഷതയിൽ കൂടി.

4. ബാലഭവൻ സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ബഹു. സി. മേരിലിറ്റ് എസ്.എച്ച് -ന്റെ അധ്യക്ഷതയിൽ കൂടി.

**2. രൂപതയുടെ പ്ലാറ്റിനം ജൂബിലി**

ജൂബിലിവർഷത്തിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികൾക്കു രൂപം നൽകി.

**3. പുതിയ വൃദ്ധമന്ദിരം വെഞ്ചരിപ്പ്**

സെന്റ് അലോഷ്യസ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നമ്പ്യാകുളം ഇടവകാതിർത്തിയിൽ പുതിയ വൃദ്ധമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**4. സ്ഥാപനസന്ദർശനം**

കാട്ടാമ്പാക്ക്, നമ്പ്യാകുളം, നെമ്മേനി, കാവാലി, ഏന്തയാർ എന്നിവിടങ്ങളിലുള്ള കെയർ ഹോംസ് സ്ഥാപനങ്ങൾ സന്ദർശിച്ചു.

**5. വീൽചെയർ നൽകി**

പ്രവാസി അപ്പസ്തോലേറ്റ് സ്പോൺസർ ചെയ്ത വീൽചെയർ വിതരണം ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺ ലൈൻ രജിസ്ട്രേഷൻ ഗാർഹികക്ഷേമനിധി മേള**

അസംഘടിത തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺ ലൈൻ രജിസ്ട്രേഷൻ നടക്കുന്നു.

**2. കെ.എൽ.എം ഡിസെയർ പ്രോജക്ട്**

ഡിസെയർ പ്രോജക്ടിലൂടെ പശുക്കളെ ലഭിച്ചവരുടെ സംഗമം നടന്നു.

**3. സംസ്ഥാന മീറ്റിങ്**

25, 26 തീയതികളിൽ പി.ഒ.സി യിൽ കെ.എൽ.എം സംസ്ഥാന മീറ്റിങ് നടന്നു. അഫിലിയേഷൻ ഫീസ് 1000 നൽകി.

**4. രൂപതാമീറ്റിംഗ്**

അസംഘടിത തൊഴിലാളിക്ഷേമനിധിയിലെ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**5. ഗാർഹിക ക്ഷേമനിധിമേള**

രൂപതയിലെ എല്ലാ ഇടവകകളിലെയും അമ്മമാർക്ക് ഗാർഹികക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനുള്ള ഗാർഹികക്ഷേമനിധിമേള ആരംഭിക്കുന്നു.

**6. രൂപത പ്ലാറ്റിനം ജൂബിലി**

ജൂബിലി വർഷത്തിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ എക്സിക്യൂട്ടീവ് മീറ്റിംഗിൽ തയാറാക്കി.

**7. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

ജനുവരി 7,14,21,28 തീയതികളിൽ അഡാർട്ടിൽവച്ച് ലഹരിവിമുക്തജീവിതം നയിക്കുന്നവർക്കുവേണ്ടി ഡയറക്ടറുടെ നേതൃത്വത്തിൽ എ.എ. മീറ്റിങ് നടത്തി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ജനുവരി 13 ന് ശനിയാഴ്ച രാവിലെ 11:30 ന് നടത്തപ്പെട്ടു.

**ബോധവത്കരണക്ലാസ്സുകൾ**

പാലാ രൂപതയിലെ ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കു അജപാലനവുമായി ബന്ധപ്പെട്ട് ലഹരിവിരുദ്ധ ബോധവത്കരണക്ലാസ്സ് ജനുവരി 6 ന് അഡാർട്ടിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ ക്ലാസ്സുകൾ നയിച്ചു. ശേഷം നടന്ന യോഗത്തിൽ നവവൈദികരെ ആദരിച്ചു.

16 ന് സെന്റ് ജോർജ്ജ് എസ്.എച്ച്. മണിമലയിലും 24 ന് ഗവൺമെന്റ് യു.പി. സ്കൂൾ പൂവരണിയിലും അഡാർട്ട് ടീം ബോധവത്കരണ ക്ലാസ്സുകൾ നടത്തി.

**ഗാന്ധിദർശൻ ക്വിസ് മത്സരം ഫിനാലെ**

ഗാന്ധിദർശൻ കർമ്മപദ്ധതിയുടെ ഭാഗമായി വിവിധ ഗാന്ധിയൻസംഘടനകളുമായി ചേർന്ന് അഡാർട്ട് സ്കൂൾ കുട്ടികൾക്കായി നടത്തിയ ഗാന്ധിദർശൻ ക്വിസ് മത്സരത്തിന്റെ അവസാനഭാഗം ജനുവരി 6 ന് അഡാർട്ടിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ഡോ. തോമസ് കാലാച്ചിറയിൽ ഗാന്ധിയൻ പ്രഭാഷണം നടത്തുകയും ക്വിസ് മത്സരം നടത്തുകയും ചെയ്തു. തദവസരത്തിൽ നടത്തപ്പെട്ട പൊതുയോഗത്തിൽ അഡാർട്ട് ഡയറക്ടർ, ഗാന്ധിമണ്ഡലം എറണാകുളം സെക്രട്ടറി അഡ്വ. വി.എം. മൈക്കിൾ, ഗാന്ധിയൻ കർമ്മപദ്ധതി സെക്രട്ടറി ശ്രീ എ. ജെ. അബ്രാഹം തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ പഠനസഹായി പ്രസിദ്ധീകരിച്ചു. ലോഗോസ് ക്വിസ് മത്സരത്തിന് ഉപയോഗ്യമായ രീതിയിൽ പഠിക്കുന്നതിനും പഠിച്ചത് ഓർക്കുന്നതിനും പഠിപ്പിക്കുന്നതിനും അനുയോജ്യമായ വിധത്തിലാണ് ചോദ്യോത്തരങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ബഹു. സൈറസ് വേലംപറമ്പിലച്ചന്റെ നേതൃത്വത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

| | | |
|---|---|---|
| പഠനവിഷയം : | ന്യായാധിപൻ 1-10 | പ്രഭാഷകൻ 34-40 |
| | ലൂക്കാ 9-16 | 2 കോറിന്തോസ് 7-13 |

**ബൈബിൾ കോഴ്സ്**

പുതിയ ബൈബിൾ കോഴ്സ് ആരംഭിച്ചു. വിഷയം :'സുവിശേഷങ്ങൾ' ക്ലാസ് നയിക്കുന്നത് റവ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ. അടുത്ത ക്ലാസ് ഫെബ്രുവരി 10 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

2. ജനുവരി 2, 14 എന്നീ തീയതികളിൽ വിവാഹഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

3. ഇന്നും 12 ന് വള്ളിച്ചിറ പള്ളിയിൽ വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടത്തി.

4. ജനുവരി 22, 23, 24 തീയതികളിൽ പൂവരണി തിരുഹൃദയദേവാലയത്തിൽ ധ്യാനം നടത്തി.

5. ജനുവരി 22 ന് ളാലം പുത്തൻ പള്ളിയിൽ വച്ച് പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥനാ ധ്യാനം നടത്തി. ഷെവ. സിറിൽ ജോൺ നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്ക് 2.15 വരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നി ശുശ്രൂഷകൾ നടത്തപ്പെടുന്നു. ജനുവരിമാസത്തിൽ സിസ്റ്റർ മേഴ്സിലിൻ FCC, റവ. ഫാ. സെബാസ്റ്റ്യൻ പേണ്ടാനം, ബ്രദർ ചാക്കോച്ചൻ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2 രാത്രിയാരാധന**

രൂപത കരിസ്മറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനി 27 ന് ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണിമുതൽ 11 മണിവരെ നടത്തപ്പെട്ടു. ശ്രീ സിബി ചെരുവിൽപുരയിടം വചനപ്രേഘോഷണം നടത്തി. തീർത്ഥാടന കേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ ഇലഞ്ഞി, രാമപുരം, സ്ലീവാപുരം എന്നി ഇടവകകളിലും സിസ്റ്റേഴ്സിനായി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചും നടന്നുകൊണ്ടിരിക്കുന്നു.

**4 ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ട ജനുവരി 7 ഞായർ കടുത്തുരുത്തി ദൈവാലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ തിരി തെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു വചനസന്ദേശം നൽകി. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (സോൺ ആനിമേറ്റർ), സോൺ സർവീസ് ടീം, സബ് സോൺ സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

**5. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി**

പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെവഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

**7.** പാലാ രൂപത 41-ാമത് ബൈബിൾ കൺവെൻഷന്റെ തുടർച്ചയായി 18 സബ് സോണുകളെ അഞ്ചു മേഖലകളായി തിരിച്ച് ജനുവരി 13 ന് പൂഞ്ഞാർ ദൈവാലയത്തിലും പാലാ കിഴതടിയൂർ ദൈവാലയത്തിലുമായി 9 സബ് സോണിന്റെ മേഖലസംഗമം നടത്തുകയുണ്ടായി.

**8. ഗ്രാന്റ് കോൺഫറൻസ്**

KCBC (കേരള കാരിസ് സർവീസ് കമ്യൂണിയൻ സംഘടിപ്പിച്ച ഓൾ കേരള നേതൃത്വസംഗമം 26,27,28 തീയതികളിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. പാലാ രൂപതാ കാരിസ്മാറ്റിക് നേതൃത്വത്തിൽ നിന്ന് നാല്പത്തഞ്ചോളം പേർ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ഡിസംബർ 26 മുതൽ ജനുവരി 1 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.
2. ജനുവരി 10, 11 തീയതികളിൽ ഗുഡ്നെസ് ടി.വി.യിലെ ഡിവൈൻ വോയ്സ് പരമ്പരയ്ക്കായും നോമ്പുകാല ധ്യാനപരമ്പരയ്ക്കായും മുരിങ്ങൂരിൽ ഗുഡ്നെസ് ടി.വി. സ്റ്റുഡിയോയിൽ വച്ച് 17 സെഷനുകൾ റെക്കോർഡ് ചെയ്തു.
3. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന,

തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജനുവരി 13 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

4. ജനുവരി 16 മുതൽ 24 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നവദിന ദൈവരാജ്യാഭിഷേകധ്യാനം നടത്തി.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 ജനുവരി 28, 5 pm - ഫെബ്രു 3, 9 am:
പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം

2024 ഫെബ്രുവരി 10, 9 am 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

ബുക്കിംഗിന്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു.

2023 തിരഞ്ഞെടുപ്പുവർഷമായിരുന്നതിനാൽ രൂപതയിലെ എല്ലാ യൂണിറ്റുകളിലും റീജിയനുകളിലും രൂപതാസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സമയബന്ധിതമായി സ്പിരിചൽ അസിസ്റ്റന്റുമാരുടെയും SFO National Area Counsillors-ന്റെയും സാന്നിധ്യത്തിലും മേൽനോട്ടത്തിലും നടത്തുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

2024 ജനുവരി 13,14,15 തീയതികളിൽ വേളാങ്കണ്ണി ഷ്രൈൻ റിട്രീറ്റ് സെന്ററിൽ വച്ച് ഫ്രാൻസിസ്കൻ അല്മായസഭയുടെ National Counsil of India ലേക്കുള്ള 17th National Elective Chapter നടന്നു. പാലാ രൂപതയിൽനിന്ന് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, ബ്രദർ സി.ജെ. കുര്യൻ ചെറുകാട്ടിൽ, ബ്രദർ ടോമി സേവ്യർ തെക്കേൽ, ബ്രദർ സി.ജെ. തോമസ് ചാലിൽ, ബ്രദർ വി.റ്റി. മത്തായി വാളിയാങ്കൽ എന്നിവർ യഥാക്രമം പാലാ, കുറവിലങ്ങാട്, ഭരണങ്ങാനം, അരുവിത്തുറ, തുടങ്ങനാട് എന്നീ റീജിയനുകളെ പ്രതിനിധീകരിച്ച് National Elective Chapter-ൽ പങ്കെടുത്തു.

റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രാർത്ഥനാക്കൂട്ടായ്മകളിലും മീറ്റിങ്ങുകളിലും പങ്കെടുക്കുകയും രോഗികളായ അൽമായ സഹോദരങ്ങളേ റീജിയൻ സ്പിരിചൽ അസിസ്റ്റന്റ്മാരുടെയും നേതൃത്വത്തിൽ ഭവനത്തിൽ സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡി.എഫ്.സി ഫൊറോന എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ**

1. പൂഞ്ഞാർ ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. മാത്യു കടൂക്കുന്നേൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു. ഡി.എഫ്.സി. പ്രസിഡന്റ് സ്റ്റാൻലി ജോർജ് അദ്ധ്യക്ഷത വഹിച്ചു.

2. മൂലമറ്റം ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോനാപ്പള്ളിയിൽവച്ച് പ്രസിഡന്റ് ജോസുകുട്ടി ജോസഫിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി റവ. ഫാ. കുര്യൻ കാലായിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

3. കുറവിലങ്ങാട് ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോനാപ്പള്ളിയിൽവച്ച് പ്രസിഡന്റ് ജോസഫിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

4. ചേർപ്പുങ്കൽ ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് ജെയ്സൺ ജോസഫിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് പാനാംപുഴയിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

5. തുടങ്ങനാട് ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് ബിജു കദളിയിലിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

6. കൂട്ടിക്കൽ ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് പി.കെ. കോശിയുടെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

7. കടനാട് ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് മധുവിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

8. ഭരണങ്ങാനം ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് ചാക്കോച്ചൻ കളപ്പുരയുടെ അധ്യക്ഷതയിൽ നടന്നു. ഫൊറോന വികാരി വെരി റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

9. അരുവിത്തുറ ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന പള്ളിയിൽവച്ച് പ്രസിഡന്റ് ജോസ് ജോസഫ് കിഴവഞ്ചേരിയുടെ അധ്യക്ഷതയിൽ നടന്നു.

ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റ്യൻ പാലയ്ക്കാപറമ്പിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. യുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു.

**10. രൂപതയുടെ പ്ലാറ്റിനം ജൂബിലി**

ജൂബിലി വർഷത്തിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികൾക്കു രൂപം നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

ദേശീയ ചെയർമാൻ ഫാ. മാത്യു മറ്റമുണ്ടയിൽ ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ സംസ്ഥാന പ്രസിഡന്റ് ജോസ് വാളക്കുളം തുടങ്ങിയ ദേശീയ സംസ്ഥാന നേതാക്കൾ ജനുവരി 28 ഞായറാഴ്ച അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാലാ ജില്ലാ ഘടകത്തിലെ അംഗങ്ങളുമായി സംവാദം നടത്തി. ഇൻഫാം എല്ലാ യൂണിറ്റുകളിലും സജീവമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉടൻ നടപ്പിലാക്കുവാൻ നേതൃത്വം ആഹ്വാനം ചെയ്തു. മെമ്പർഷിപ്പ് എടുത്ത അംഗങ്ങളെ പുതുതായി രജിസ്റ്റർ ചെയ്യണമെന്ന് യോഗം ആവശ്യപ്പെട്ടു. ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് കെ.കെ. ജോസ്, സെക്രട്ടറി തോമസ് മറ്റം തുടങ്ങിയവർ മീറ്റിംഗിന് നേതൃത്വം നല്കി.

**ഇൻഫാം എക്സിക്യൂട്ടീവ്**

കാർഷികപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ജനുവരി 18 ന് പാസ്റ്ററൽ സെന്ററിൽ കൂടി താഴെപ്പറയുന്ന വിഷയങ്ങൾ ചർച്ചയ്ക്ക് എടുത്തു. റബ്ബർവിലയിടിവ്, വന്യമൃഗശല്യം, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം, വർദ്ധിച്ച പെട്രോൾ-ഡീസൽ വില, യുവജനങ്ങളുടെ വിദേശത്തേക്കുള്ള കുടിയേറ്റം, ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ, രാഷ്ട്രീയപ്പാർട്ടികളുടെ കർഷക അവഗണന തുടങ്ങിയ കാര്യങ്ങൾ ചർച്ചയ്ക്ക് എടുത്തു. വെള്ളിയാമറ്റത്ത് 28 കാലികൾ നഷ്ടപ്പെട്ട കുടുംബത്തോട് അനുഭാവം രേഖപ്പെടുത്തി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. തോമസ് പാറേക്കുന്നേൽ

കളത്തൂർ സെയ്ന്റ് മേരീസ് പള്ളി ജോസഫിന്റെയും ത്രേസ്യായുടെയും 5 മക്കളിൽ ഒരാളായി 1941 മാർച്ച് 9-ാം തീയതി തോമസ് പാറേക്കുന്നേൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം തത്ത്വശാസ്ത്ര - ദൈവശാസ്ത്ര പഠനത്തിനായി ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1966 മാർച്ച് 12-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ അറക്കുളം, കടനാട്, വടകര, രാമപുരം എന്നിവിടങ്ങളിൽ അസ്തേന്തി അച്ചനായി ശുശ്രൂഷ ചെയ്തു. തുടർന്ന് അദ്ദേഹം ഉന്നതവിദ്യാഭ്യാസം നേടി. MA (Litt.), MA (Psy), MA (His.) MA (Pol.) BD, Dpsy, DPSc എന്നിങ്ങനെ ബിരുദാനന്തരബിരുദങ്ങൾ കരസ്ഥമാക്കി. തുടർന്ന് അദ്ദേഹം മല്ലികശേരി, പെരിയപ്പുറം എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. 1985-86 കാലഘട്ടത്തിൽ നീലൂർ സാവിയോ ഹോമിന്റെ റെക്ടറും അധ്യാപകനുമായി സേവനം ചെയ്തു. വീണ്ടും അദ്ദേഹം തോടനാൽ, മലപ്പുറം, കളത്തൂക്കടവ്, മണ്ണയ്ക്കനാട്, അന്തീനാട്, വയല, മറ്റക്കര, പാലക്കാട്ടുമല എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. പിന്നീട് അദ്ദേഹം ആരോഗ്യപരമായ കാരണങ്ങളാൽ ഒരു വർഷത്തെ മെഡിക്കൽ ലീവ് എടുത്ത് മുട്ടുചിറ വിയാനി വൈദികമന്ദിരത്തിൽ താമസിച്ചു. വീണ്ടും പൂവക്കുളം പള്ളിയിൽ വികാരിയായി സേവനം ചെയ്തുവരവേ ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ അലട്ടുന്നതിനാൽ 2015 മാർച്ച് 13-ാം തീയതി മാർ അപ്രേം വൈദികമന്ദിരത്തിലേക്ക് വിശ്രമജീവിതത്തിനായി മാറി. ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് ശുശ്രൂഷ സ്വീകരിച്ചുവരവേ 2024 ജനുവരി 28 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട തോമസ് പാറേക്കുന്നേലച്ചന്റെ ഭൗതികശരീരം 2024 ജനുവരി 29-ാം തീയതി രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കളത്തൂർ സെയ്ന്റ് മേരീസ് ദൈവാലയ

സെമിത്തേരിയിൽ സംസ്കരിച്ചു. വിശുദ്ധ കുർബാനമധ്യേ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തോമസച്ചനെക്കുറിച്ച് പങ്കുവെച്ച ചിന്ത ഇപ്രകാരമായിരുന്നു. 'ഉഴുകുകയോ', 'ആടിനെ മേയിക്കുകയോ' എന്നീ രണ്ട് കാര്യങ്ങൾ അപ്പസ്തോലികശുശ്രൂഷകളണ്. ഉഴുതുമറിച്ച് ഈശോയാകുന്ന വിത്ത് പാകുകയോ, ഈശോയാകുന്ന വിത്ത് ഹൃദയത്തിൽ സ്വീകരിച്ച ആടുകളെ – ദൈവജനത്തെ മേയിക്കുകയോ നയിക്കുകയോ ചെയ്യുക. ഇവിടെ ഈശോ നമ്മെയെല്ലാം ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്, കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം പ്രയോജനമില്ലാത്ത ദാസന്മാരാണ് ഞങ്ങൾ എന്ന് പറയേണ്ടിയിരിക്കുന്നു. വൈദികശുശ്രൂഷയിൽ ആയിരിക്കുന്ന ഒരു വ്യക്തി അപ്പോസ്തോലികശുശ്രൂഷയുടെ തുടർച്ചയിലായിരിക്കുന്ന വൈദികൻ ഒരു Reward ഒരു അംഗീകാരം ഒരിക്കലും പ്രതീക്ഷിക്കേണ്ടതില്ല. ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത് 'Worthless Service' ആണ്. നമുക്ക് ലഭിക്കുന്ന പൗരോഹിത്യപട്ടം അതാണ് നമ്മളിൽ നിന്ന് പ്രതീക്ഷിക്കുന്നതും. 'Priesthood is the permanent washing of the feet of others."

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട തോമസച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ.



## റവ. സി. ഫ്ളോറാ എഫ്.സി.സി.

പാലാരൂപതയിൽ പാദുവ ഇടവകയിൽ ചൂരക്കാട്ട് വർക്കി – മറിയം ദമ്പതികളുടെ മൂന്നു മക്കളിൽ മൂന്നാമത്തെ സന്താനമായി 25.3.1927–ൽ ഫ്ളോറാമ്മ ജനിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേരു സ്വീകരിച്ചു. ചിന്നമ്മ എന്ന ഓമന പ്പേരിൽ വിളിക്കപ്പെട്ടു.

കിടങ്ങൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് E.S.L.C. പാസ്സായി. സമർപ്പിതജീവിതം നയിക്കാനായി ചെറുപ്പംമുതലെ ആഗ്രഹിച്ച ഫ്ളോറാമ്മ തന്റെ പിതാവിന്റെ വിസമ്മതത്തെ അതിജീവിച്ച് 1951–ൽ മറ്റക്കര മഠത്തിൽ അർത്ഥിനിയായി ചേർന്നു. 21.5.1952–ൽ സഭാവസ്ത്രം സ്വീകരിച്ച് സി. ഫ്ളോറാ എന്ന നാമം സ്വീകരിച്ചു. 1953 –ൽ T.T.C. പാസ്സായ അമ്മ 1954 മുതൽ 1955 –വരെ ഭരണങ്ങാനം മഠത്തിൽ നോവിഷ്യേറ്റിൽ ആയിരുന്നു. 1955–ൽ ആദ്യവ്രതവും 1958–ൽ നിത്യവ്രതവും നടത്തി. തുടർന്ന് പാദുവ സെന്റ് ആന്റണീസ് L.P. സ്കൂൾ, മഞ്ഞാമറ്റം L.P. സ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മിസ്ട്രസ് എന്ന നിലയിൽ സേവനം ചെയ്തു. 1981–ൽ അധ്യാപകവൃത്തിയിൽനിന്നു വിരമിച്ചശേഷം മിഷൻ പ്രദേശമായ ഗുർദാസ്പൂരിൽ ഒരു വർഷക്കാലം സേവനം അനുഷ്ഠിച്ചു. പിന്നീട്, സാൻദമിയാനോ പുലിയന്നൂർ, സ്നേഹഭവൻ ഭരണങ്ങാനം, പാദുവാ എന്നിവിടങ്ങളിൽ സുപ്പീരിയറായും പാളയം സെന്റ് ജോസഫ്സ് കോൺവെന്റിൽ അസി. സുപ്പീരിയർ, മെസ് മാനേജർ എന്ന നിലയിലും ബഹു. ഫ്ളോറാമ്മ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു ഭവനങ്ങളെ ധന്യമാക്കി.

വാർദ്ധക്യമായ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിച്ചപ്പോൾ 21.9.2023 ൽ വികാരി റവ. ഫാ. തോമസ് ഓലായത്തിൽനിന്നു രോഗീലേപനം സ്വീകരിച്ചു. ക്രിസ്തുമസിന്റെ (24.12.2023) ന് അമ്മയ്ക്കു ശ്വാസതടസ്സം വർദ്ധിക്കുകയും വെളുപ്പിന് മൂന്നുമണിക്ക് അമ്മയുടെ ആത്മാവ് ദിവ്യനാഥസന്നിധിയിൽ ലയിച്ചു ചേർന്നു. തുടർന്ന്, മൃതദേഹം മരിയൻ സെന്ററിലെ മോർച്ചറിയിൽ സൂക്ഷിച്ചു. 25.12.2023 തിങ്കളാഴ്ച വൈകിട്ട് അഞ്ചുമണിയോടെ അമ്മയുടെ മൃതദേഹം ഭവനത്തിൽ കൊണ്ടുവരികയും ചെയ്തു. 26.12.2023 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് ഒരുമണിക്ക് മഠം

ചാപ്പലിൽ അമ്മയുടെ സഹോദരപുത്രൻ റവ. ഫാ. ജോർജ് ചൂരക്കാട്ട്, പൗത്രൻ റവ. ഫാ. ജോർജുകുട്ടി ചൂരയ്ക്കാട്ട്, റവ. ഫാ. ജോസഫ് കടുപ്പിൽ എന്നിവരുടെ കാർമ്മികത്വത്തിൽ നടന്ന സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലിമദ്ധ്യേ അമ്മയുടെ ശിഷ്യനായിരുന്ന ഫാ. ജോസഫ് കടുപ്പിൽ ചരമപ്രസംഗം നടത്തി. ദിവ്യബലിക്കുശേഷം പള്ളിയിലേക്കു മൃതദേഹം സംവഹിക്കപ്പെട്ടു. പള്ളിയിലെ ശുശ്രൂഷകളുടെ മദ്ധ്യേ പാലാരൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് തടത്തിൽ അനുസ്മരണസന്ദേശം നൽകി. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ശിഷ്യഗണങ്ങളുടെയും ഇടവകജനങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ അന്തിമശുശ്രൂഷകൾക്കുശേഷം മൃതദേഹം പാദുവപള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു.

തന്റെ മഹത്ത്വത്തിന്റെ കിരീടം ദിവ്യനാഥൻ അമ്മയെ അണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



## സി. എൽസി കൊച്ചുചെറുനിലം എസ്.എച്ച്.

പാലാ രൂപതയിൽ രാമപുരം ഇടവകയിൽ കൊച്ചുചെറുനിലത്ത് മത്തായി-റോസ ദമ്പതികളുടെ അഞ്ചു മക്കളിൽ മൂത്തവളായി 1945 ജൂലൈ 17 ന് സി. എൽസി ജനിച്ചു. മാമ്മോദീസായിൽ ലഭിച്ച പേര് ഏലി എന്നായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1964 ജൂണിൽ തിരുഹൃദയനാഥന്റെ വിളി ശ്രവിച്ച ഏലിയാമ്മ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1966 ഏപ്രിൽ 13 ന് ആദ്യവ്രതവും 1971 ഏപ്രിൽ 18 ന് നിത്യവ്രതവും അനുഷ്ഠിച്ചു.

എൽസിയാമ്മയുടെ പ്രേഷിതമണ്ഡലങ്ങൾ കുടക്കച്ചിറ, മൂലമറ്റം, അരുണാപുരം, പാലാ, മൂന്നിലവ്, കുരുവിനാൽ, നീലൂർ, നരിയങ്ങാനം, അറുനൂറ്റിമംഗലം, മൈലാടി, രാമപുരം എന്നിവയായിരുന്നു. ചെറുതെന്നോ വലുതെന്നോ ഭേദമില്ലാതെ ഏതു ശുശ്രൂഷയും അമ്മയ്ക്കു നന്നായി വഴങ്ങുമായിരുന്നു. പ്രൊവിൻഷ്യൽ പ്രോക്കുറേറ്റർ എന്ന നിലയിൽ വർത്തിച്ചുകൊണ്ട് കണക്കുകൾ എഴുതുന്നതിലും സൂക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും സുതാര്യത പുലർത്തുവാൻ അമ്മയ്ക്കു കഴിഞ്ഞിരുന്നു. ആറ് മഠങ്ങളിൽ മഠാധിപയായും അൽഫോൻസാ കോളേജ് കാന്റീനിൽ നാലുവർഷവും ഡോ. സി.റ്റി. കൊട്ടാരം കോളേജിൽ ഓഫീസ് സ്റ്റാഫായി ഏഴുവർഷവും വിവിധ ഭവനസമൂഹങ്ങളിൽ പ്രോകുറേറ്റർ, മെസ് മാനേജർ, എന്നിങ്ങനെ വ്യത്യസ്തതലങ്ങളിൽ തന്റെ അറിവും കഴിവും ആരോഗ്യവും സമയവും ദൈവത്തിനും സഹോദരങ്ങൾക്കുമായി ചെലവഴിച്ചു. ഏവർക്കും മാതൃകയും പ്രചോദനവുമായിരുന്ന എൽസിയാമ്മയുടെ ധന്യജീവിതത്തിന്റെ അവസാനവർഷങ്ങൾ മാതൃ ഇടവകയിലുള്ള രാമപുരം ഭവനത്തിലായിരുന്നു. 2022 ലാണ് അമ്മയ്ക്കു ഉദരസംബന്ധമായ അസ്വസ്ഥതകൾ ഉണ്ടാവുകയും വിദഗ്ധ പരിശോധനയിൽ രോഗം ക്യാൻസറാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തത്. 18-12-2023 തിങ്കളാഴ്ച, അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് എൽസിയാമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ 20-12-2023 രാവിലെ 10 മണിക്ക് രാമപുരം മഠം ചാപ്പലിൽ വി. കുർബാനയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കു ശേഷം പാലാ രൂപത വികാരി ജനറാൾ പെരി. ബഹു. ജോസഫ് കണിയോടിക്കലച്ചന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോനപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.




## JANUARY 2024

| | | |
|---|---|---|
| 01 | 09.15 am | കാഞ്ഞിരമറ്റം പള്ളിയിൽ മ്ശംശാന ചെരിപുറത്ത് സെബാസ്റ്റ്യന് പൗരോഹിത്യപട്ടം നൽകി. |
| | 01.00 pm | ഇംഗ്ലണ്ടിലെ വെസ്റ്റ്മിനിസ്റ്റർ അതിരൂപതയുടെ സഹായമെത്രാൻ Rt. Rev.John Sherrington ന് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |
| 02 | 9.15 am | വെള്ളിയാമറ്റം പള്ളിയിൽ മ്ശംശാനമാരായ തോമസ് കിഴക്കേക്കര, തോമസ് പരിയാരത്ത് എന്നിവർക്കു പൗരോഹിത്യപട്ടം നൽകി. |
| | 11.30 am | ഭക്ഷ്യവിഷബാധമൂലം ചാകാനിടയായ 13 കന്നുകാലികളുടെ ഉടമയായ വെള്ളിയാമറ്റം കിഴക്കേപ്പറമ്പിൽ മാത്യു ബെന്നി (15) എന്ന പത്താം ക്ലാസുകാരനായ കുട്ടിക്കർഷകനെയും കുടുംബാംഗങ്ങളെയും സന്ദർശിച്ചു സമാശ്വസിപ്പിച്ചു. |
| | 06.00 pm | കൊഴുവനാൽ ഇടവകയിൽ പൗരോഹിത്യരജത ജൂബിലി ആഘോഷിക്കുന്ന ജോസഫ് തോലാനിക്കലച്ചന് ആശംസകൾ അർപ്പിച്ചു. |
| 03 | 09.15 am | തിടനാട് പള്ളിയിൽ മ്ശംശാന നങ്ങാപറമ്പിൽ ആന്റണിക്ക് പൗരോഹിത്യപട്ടം നൽകി. |
| 04 | 09.15 am | ശാന്തിഗിരി പള്ളിയിൽ മ്ശംശാന കോനൂക്കുന്നേൽ ജോസഫിന് പൗരോഹിത്യപട്ടം നൽകി. |
| 05 | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 06 | 10.00 am | പാലാ കത്തീഡ്രലിൽ ദനഹാത്തിരുനാളിൽ നവാഭിഷിക്തരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി. |
| 8-13 | | കാക്കനാട് സെയ്ന്റ് തോമസ് മൗണ്ട് കാര്യാലയത്തിൽ വച്ചുനടന്ന സീറോമലബാർ സിനഡിൽ സംബന്ധിച്ചു. |
| 14 | 3.00 pm | രാമപുരം പാരിഷ് ഹാളിൽ, അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അടുക്കളത്തോട്ടമത്സരത്തിന്റെ വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. |
| | 5.00 pm | വയല ഇടവകയിൽ ഒഴുകയിൽ എ.സി. ജോസഫിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 11.00 am | ളാലം പുത്തൻപള്ളി ഇടവകയിൽ പാറക്കുളം ഡോ. എ.സി. ജോസഫിന്റെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 7.00 am | നവീകരിച്ച പൂവരണി തിരുഹൃദയ ദൈവാലയത്തിന്റെ ആശീർവാദകർമ്മം നടത്തി. |
| | 12.00 pm | ചേപ്പുംപാറ ഇടവകയിൽ ബഹു. പരേതനായ ജയിംസ് വെണ്ണായിപ്പള്ളിലച്ചന്റെ സഹോദരി ഈയ്യലയിൽ സെലിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ളാലം പുത്തൻപള്ളി ഇടവകയിൽ രാമപുരം ലൂസിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 17 | 10.30 am | ചെറുകര സെയ്ന്റ് മേരീസ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 pm | കൂടല്ലൂർ പാരിഷ് ഹാളിൽ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ജോസഫ് കീപ്പള്ളിലച്ചന് ആശംസകൾ അർപ്പിച്ചു. |
| | 3.30 pm | നരിയങ്ങാനം ഇടവകയിൽ നവീകരിച്ച തിരുഹൃദയ മഠം ചാപ്പലും മുറികളും ആശീർവദിച്ചു. |
| 18 | 11.00 am | അരുണാപുരം സെന്റ് തോമസ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 3.00 pm | മൂലമറ്റം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| 19 | 10.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 pm | ഗ്വാട്ടിമാല കർദ്ദിനാൾ His Eminence Álvaro Leonel Ramazzini Imeri യെ ബിഷപ്പ്സ് ഹൗസിൽ സ്വീകരിച്ചു. |
| | 2.30 pm | ഭരണങ്ങാനം സെയ്ന്റ് മേരീസ് സ്കൂളിന്റെ 126-ാമത് വാർഷികസമ്മേളനവും ബഹുമാനപ്പെട്ട ജോസഫ് ഏഴുപറയിലച്ചന്റെ യാത്രയയപ്പുസമ്മേളനവും ഉദ്ഘാടനം ചെയ്തു. |
| | 5.00 pm | പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പുതുതായി സജ്ജീകരിക്കപ്പെട്ട ഡയാലിസിസ് മെഷീനുകൾ ആശീർവദിച്ചു. |
| 20 | 11.00 am | പാലാ കത്തീഡ്രൽ പാരിഷ്ഹാളിൽ പ്രാമ്പിക്കൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 12.00 pm | ചേർപ്പുങ്കൽ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 3.00 pm | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 6.00 pm | ചോലത്തടം പള്ളിയിൽ പുറത്തുനമസ്കാരത്തിലും വിവിധ സഭകളുടെ കൂടിവരവായ ക്രൈസ്തവകാഹള സമ്മേളനത്തിലും സംസാരിച്ചു. |
| 21 | 10. 45 am | അരുവിത്തുറ ഫൊറോന പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട മോണ്ഡളങ്ങൾ ആശീർവദിച്ചു. |
| | 12.30 pm | പാലാ ളാലം പഴയപള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 2.30 pm | മുട്ടുചിറ ഫൊറോനയിൽ ഹോം പാലാ ഭവനനിർമ്മാണപദ്ധതിയിൽ നിർമ്മിക്കപ്പെട്ട 1000-ാമത് വീട് ആശീർവദിച്ചു. |
| 22 | 10.00 am | ബിഷപ്പ്സ് ഹൗസിൽ ഡി.സി.എം.എസിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കുള്ള സ്കോളർഷിപ്പുവിതരണം നടത്തി. |

| | | |
|---|---|---|
| | 11.00 am | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ സെന്റ് തോമസ് പ്രസ്സിന്റെ സപ്തതിയാഘോഷങ്ങൾക്ക് അധ്യക്ഷത വഹിച്ച് സംസാരിച്ചു. |
| | 6.00 pm | കോട്ടയം അതിരൂപത ഭദ്രാസനത്തിൽവച്ച് നടന്ന ബിഷപ്സ് കോൺഫറൻസിൽ സംബന്ധിച്ചു. |
| 23 | 10.30 am | മൂന്നുനോമ്പിനോടനുബന്ധിച്ച് കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ ദൈവാലയത്തിൽ നവാഭിഷിക്തരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.30 pm | മണ്ണാറപ്പാറ ഇടവകയിൽ ബഹുമാനപ്പെട്ട തോമസ് വലിയവീട്ടിൽ അച്ചന്റെ സഹോദരൻ വലിയവീട്ടിൽ മാത്യു ജോസഫിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.30 pm | പെരിങ്ങളം പള്ളിയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| | 4.30 pm | തിടനാട് പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സും ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട നാലു ഭവനങ്ങളും ആശീർവദിച്ചു. |
| 24 | 11.00 am | രാമപുരം ഫൊറോനയിൽ കച്ചിറമറ്റം വർഗീസ് വക്കച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | വാകക്കാട് എൽ.പി. സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. |
| | 7.00 pm | ഈ വർഷം പാലാ രൂപതയ്ക്കായി തിരുപ്പട്ടമേറ്റ നവാഭിഷിക്തർക്ക് ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി. |
| 25 | 06.00 am | അരമനചാപ്പലിൽ നവാഭിഷിക്തരോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. |
| | 9.30 am | രാമപുരം ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട 9 ഭവനങ്ങൾ മാർത്ത്മറിയം ഗാർഡൻസ് ആശീർവദിച്ചു. |

| | | |
|---|---|---|
| | 3.00 pm | നമ്പ്യാകുളം ഇടവകയിൽ OSL സന്ന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ പുതുതായി നിർമ്മിക്കപ്പെട്ട ആതുരാലയവും ചാപ്പലും ആശീർവദിച്ചു. |
| | 5.00 pm | പൂവരണി പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൊടിമരം വെഞ്ചെരിച്ച്, തിരുനാളിനു കൊടിയേറ്റി, പുറത്തുനമസ്കാരപ്രാർത്ഥനകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 26 | 2.00 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിശ്വാസപരിശീലനത്തിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 27 | 10.00 am | അരുവിക്കുഴിയിൽ ബിഷപ് തോമസ് തുരുത്തിമറ്റം സി.എസ്.ടി പിതാവിന്റെ പൗരോഹിത്യസുവർണ ജൂബിലി ആഘോഷങ്ങളിൽ വിശുദ്ധ കുർബാനയുടെ സഹകാർമികത്വം വഹിച്ചു. |
| | 3.00 pm | ഇളന്തോട്ടം ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു. |
| 28 | 1.30 pm | പ്രവിത്താനം പാരീഷ് ഹാളിൽ മിഷീൻലീഗിന്റെ രൂപതാവാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| | 2.30 pm | അരുവിത്തുറ പാരീഷ് ഹാളിൽ പിതൃവേദിയുടെ രൂപതാവാർഷികം ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | വാകക്കാട് പള്ളിയിൽ ശതോത്തരരജതജൂബിലി സ്മാരക പ്രവേശനകവാടം ആശീർവദിച്ചു. ജൂബിലി സമാപനസന്ദേശം നൽകി. |
| 29 | 10.00 am | കളത്തൂർ ഇടവകയിൽ ബഹുമാനപ്പെട്ട തോമസ് പാറേക്കുന്നേലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | ചക്കിക്കാവ് ഇടവകയിൽ പാലാ സെന്റ് തോമസ് ബി.എഡ്. കോളേജും ഹോം പാലായും ചേർന്നുനിർമ്മിച്ച ഭവനം ആശീർവദിച്ചു. |
| 30 | 12.00 pm | പാലാ കത്തീഡ്രൽ ഇടവകാംഗം കാട്ടാമ്പള്ളി ഡോ.കെ.ജെ. ജെയിംസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30-31 | | ബാംഗ്ളൂരിൽ CBCI മീറ്റിംഗിൽ സംബന്ധിച്ചു. |




പാലാ സെന്റ് തോമസ് പ്രസിന്റെ സപ്തതിയാഘോഷത്തിന്റെ സമാപനസമ്മേളനത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ദീപം തെളിക്കുന്നു



ചോലത്തടം മർത്ത്മറിയം
ദൈവാലയത്തിൽ നടന്ന
ക്രൈസ്തവകാഹളസമ്മേളനത്തിന്
അഭിവന്ദ്യ പിതാക്കന്മാർ
ദീപം തെളിക്കുന്നു.



ഭക്ഷ്യവിഷബാധമൂലം ചാകാനിടയായ 13
കന്നുകാലികളുടെ ഉടമയായ വെള്ളിയാമറ്റം
കിഴക്കേപ്പറമ്പിൽ മാത്യു ബെന്നി (15) എന്ന
പത്താം ക്ലാസുകാരനായ കുട്ടിക്കർഷകനെയും
കുടുംബാംഗങ്ങളെയും പാലാ രൂപതാധ്യക്ഷൻ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഭവനത്തിലെത്തി സമാശ്വസിപ്പിക്കുന്നു.

PALA HOME PROJECT

# ആയിരം വീടുകൾ പൂർത്തിയാക്കി പാലാ ഹോം പ്രോജക്ട്





3 വീടുകളുടെ വെഞ്ചരിപ്പ് നടത്തി









1000 കുടുംബങ്ങൾക്ക് ഭവനമായി

















2024
FEBRUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# നവവൈദികർക്കു പ്രാർത്ഥനാശംസകൾ


Rev. Fr. Thomas Madurappacha
Peringulam


Rev. Fr. Joseph Vallacheduthil
Mannarappara


Rev. Fr. Mathew Panangatt
Vadakara


Rev. Fr. John Manachal
Ramapuram


Rev. Fr. James Anthoorry
Kudavechoor


Rev. Fr. Joseph Puyyuriyil
Neeloor


Rev. Fr. Joseph Maladdiparambil
Kanjiramattom


Rev. Fr. Joseph Thayil
Marangattupilly


Rev. Fr. Sebastian Chaparathu
Kanjirathanam


Rev. Fr. Thomas Kizhakkekara
Kondalloor


Rev. Fr. Thomas Pariyarath
Cherpunkal


Rev. Fr. Antony Rangiparambil
Lalam Old


Rev. Fr. Joseph Kannikkunnel
Melukavumattom


നവവൈദികർ പാലാ ബിഷപ്സ് ഹൗസിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം


കുറവിലങ്ങാട് ദൈവാലയത്തിൽ
മൂന്നുനോമ്പുതിരുനാളിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നവവൈദികരോടൊപ്പം
വിശുദ്ധ കുർബാന അർപ്പിക്കുന്നു


ജനുവരി ൨൬ ന് [illegible]തിരുനാളിനോടനുബന്ധിച്ച്
പാലാ കത്തീഡ്രലിൽ നവവൈദികർ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിനോടൊപ്പം

Printed at St. Thomas Press, Palai and Published by Fr. John Pakkarampel